2023
JUNE
27
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## ഉയർന്ന പിഎഫ് പെൻഷൻ: ഓപ്ഷൻ നൽകാനുള്ള പരിധി ജൂലൈ 11 വരെ നീട്ടി

**ന്യൂഡൽഹി:** ഉയർന്ന ശമ്പളത്തിന് ആനുപാതികമായി പിഎഫ് പെൻഷൻ ലഭിക്കുന്നതിന് ഹയർ ഓപ്ഷൻ നൽകാനുള്ള സമയപരിധി ജൂലൈ 11 വരെ നീട്ടി. നിലവിലെ സമയപരിധി തിങ്കളാഴ്ച (ജൂൺ 26) അവസാനിച്ച സാഹചര്യത്തിലാണു പുതിയ തീരുമാനം.

സുപ്രീം കോടതി വിധി പ്രകാരം ഹയർ ഓപ്ഷൻ നൽകാനുള്ള കാലാവധി മേയ് മൂന്നിന് അവസാനിച്ചിരുന്നു. എന്നാൽ ഹയർ ഓപ്ഷൻ നൽകുന്നതിൽ ചില വ്യക്തത കുറവുകൾ വന്നതിനാൽ ഇതു പിന്നീട് ജൂൺ 26 വരെ നീട്ടുകയായിരുന്നു. എന്നാൽ സാങ്കേതിക പ്രശ്നങ്ങൾ കാരണം നിരവധി പേർക്ക് ഓപ്ഷൻ നൽകാൻ കഴിഞ്ഞിട്ടില്ല. വർഷങ്ങൾക്കു മുൻപുള്ള രേഖകൾ സമർപ്പിക്കണമെന്ന ആവശ്യം തൊഴിലുടമകൾക്കും പ്രശ്നമായി. നടപടികൾ ലളിതമാക്കി സമയപരിധി നീട്ടണമെന്ന ജീവനക്കാരുടെയും തൊഴിലുടമകളുടെയും ആവശ്യം അംഗീകരിച്ചാണ് നിലവിൽ ഇതു നീട്ടിയതെന്നാണു വിവരം.

## പാക്ക് അധിനിവേശ കശ്മീർ എന്നും ഇന്ത്യയുടെ ഭാഗം: രാജ്നാഥ് സിങ്

**ശ്രീനഗർ:** പാക്ക് അധിനിവേശ കശ്മീർ എന്നും ഇന്ത്യയുടെ ഭാഗമായിരുന്നെന്നും ഭാവിയിലും അത് അങ്ങനെതന്നെ തുടരുമെന്നും പാക്കിസ്ഥാൻ എത്രയോക്കെ സ്ഥാപിക്കാൻ ശ്രമിച്ചാലും അത് അവരുടേതാകില്ലെന്നും പ്രതിരോധ മന്ത്രി രാജ്!നാഥ് സിങ്. ജമ്മു സർവകലാശാല സംഘടിപ്പിച്ച 'സെക്യൂരിറ്റി കോൺക്ലേവ്' അഭിസംബോധന ചെയ്യവേയാണ് രാജ്!നാഥ് സിങ്ങിന്റെ പരാമർശം. ”പാക്ക് അധിനിവേശ കശ്മീർ ഇന്ത്യയുടെ മാത്രം ഭാഗമാണെന്നു വ്യക്തമാക്കുന്ന പ്രമേയം ഐകകണ്ഠ്യേന ഇന്ത്യൻ പാർലമെന്റിൽ പാസാക്കിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് ഒന്നല്ല, മൂന്നു നിർദേശങ്ങളെങ്കിലും പാർലമെന്റിൽ ഇതുവരെ പാസാക്കിയിട്ടുണ്ട്.

ജമ്മു കശ്മീരിന്റെ ഒരു വലിയ ഭാഗം പാക്കിസ്ഥാൻ അനധികൃതമായി കയ്യേറിയിരിക്കുകയാണ്. ജമ്മു കശ്മീരിൽ ജനങ്ങൾ സമാധാനത്തോടെ വസിക്കുന്നത് മറ്റൊരു ഭാഗത്തെ ജനങ്ങൾ കാണുന്നു. പാക്ക് അധിനിവേശ കശ്മീരിൽ ജീവിക്കുന്ന ജനങ്ങൾ ഒരുപാട് കഷ്ടതകളിലൂടെയാണ് കടന്നുപോകുന്നത്. അവർ ഇന്ത്യയിലേക്കു വരണമെന്ന ആവശ്യം ഉന്നയിക്കുകയും ചെയ്യും” രാജ്നാഥ് സിങ് പറഞ്ഞു.

ആർട്ടിക്കിൾ 370 റദ്ദാക്കുക വഴി കാലങ്ങളായി നീതി നിഷേധിക്കപ്പെട്ട ജമ്മു കശ്മീരിലെ ജനങ്ങൾക്കു ബിജെപി സർക്കാർ നീതി ലഭ്യമാക്കിയെന്നാണ് അഭിപ്രായപ്പെട്ടത്. ”ആർട്ടിക്കിൾ 370ഉം 35എയും കാരണം ജമ്മു കശ്മിരിലെ സാധാരണ ജനങ്ങളെ കാലങ്ങളായി രാജ്യത്തിന്റെ മുഖ്യധാരയിൽനിന്ന് മാറ്റിനിർത്തിയിരിക്കുകയായിരുന്നു. ഏതെങ്കിലും ദേശവിരുദ്ധ ശക്തിക്കെതിരെ നടപടിയെടുക്കുന്നതിനും അതു തടസ്സമായിരുന്നു. സർക്കാരിന്റെ ഈ തീരുമാനത്തിൽ ജനങ്ങൾ സന്തുഷ്ടരാണ്. വിദ്വേഷത്തിന്റെയും വിഘടനവാദത്തിന്റെയും കട തുറന്നവർക്കു മാത്രമാണ് അത് അടയുന്നതിൽ അവിടെ പ്രശ്നമുള്ളത്” രാജ്നാഥ് സിങ് അഭിപ്രായപ്പെട്ടു.

## പനിച്ചുവിറച്ച് കേരളം

# 15,000 പേർക്ക് രോഗം സ്ഥിരീകരിച്ചു, 8 മരണം

**തിരുവനന്തപുരം:** സംസ്ഥാനത്ത് ഇന്ന് വിവിധ സാംക്രമിക രോഗങ്ങൾ ബാധിച്ച് 8 മരണം സ്ഥിരീകരിച്ചു. എലിപ്പനി, ഡെങ്കിപ്പനി, എച്ച് വൺ എൻ വൺ എന്നിവയാണ് മരണകാരണം. പ്രതിദിന പനി ബാധിതരുടെ എണ്ണം 15,000 കടന്നു. 55 പേർക്ക് ഡെങ്കിപ്പനി സ്ഥിരീകരിച്ചപ്പോൾ 262 പേർക്ക് രോഗം സംശയിക്കുന്നു.



മൂന്നു പേർക്ക് എലിപ്പനി കണ്ടെത്തിയപ്പോൾ എട്ടു പേർ ലക്ഷണങ്ങളോടെ ചികിത്സ തേടി. മലപ്പുറത്തും എറണാകുളത്തുമാണ് കൂടുതൽ പനി ബാധിതരുള്ളത്. മലപ്പുറത്ത് 2804, എറണാകുളത്ത് 1528 പേർ ഇന്ന് ചികിത്സ തേടി.

തിരുവനന്തപുരം, പാലക്കാട്, എറണാകുളം, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ പനിബാധിതരുടെ എണ്ണം ആയിരത്തിനു മുകളിൽ തന്നെ തുടരുകയാണ്. ഒരു പനിയും നിസ്സാരമാക്കരുത് എന്ന് വ്യക്തമാക്കുന്നതാണ് പുറത്തുവരുന്ന കണക്കുകൾ.

ഡെങ്കിപ്പനിക്കേസുകളിലും വർധനവുണ്ട്. 296 പേർക്കാണ് ഡെങ്കിപ്പനി ലക്ഷണങ്ങൾ ഉള്ളത്. അതിൽ 62 പേർക്ക രോ?ഗം സ്ഥിരീകരിച്ചു. കൂടാതെ ഒരു ഡെങ്കിപ്പനി മരണവും ഇന്നു രേഖപ്പെടുത്തിയിട്ടുണ്ട്. എലിപ്പനി കേസുകളുടെ എണ്ണം പത്താണ്. കഴിഞ്ഞ ഒരാഴ്ചത്തെ കണക്കു മാത്രം പരിശോധിച്ചാൽ എൺപതിനായിരത്തിൽപരം ആണ് പനിബാധിതർ ഉള്ളത്. സർക്കാർ ആശുപത്രികളിലെത്തി ചികിത്സ തേടുന്നവരുടെ കണക്ക് മാത്രമാണ് ഇത്തരത്തിൽ പുറത്തുവരുന്നത് എന്നതും ആശങ്കാജനകമാണ്. ലക്ഷണങ്ങൾ അവ?ഗണിക്കുന്നവരും സ്വയം ചികിത്സ തേടുന്നവരുമായി ഒട്ടേറെ പേർ കണക്കുകളിൽപെടാതെയും ഉണ്ടാകുമെന്നാണ് വിലയിരുത്തൽ.

പത്തുദിവസത്തിനിടെ 11,462 പേർക്കാണ് ഡെങ്കിപ്പനി സ്ഥിരീകരിച്ചത്. 13,769 പേരാണ് പകർച്ചപ്പനിക്ക് വെള്ളിയാഴ്ച ചികിത്സ തേടിയത്. ഡെങ്കിപ്പനി ബാധിച്ച് ഈ മാസംമാത്രം 25 പേർക്ക് ജീവൻ നഷ്ടമായി. 14 പേർ എലിപ്പനി ബാധിച്ചും ഒമ്പതുപേർ എച്ച്1 എൻ1 ബാധിച്ചും ഈ മാസം മരിച്ചു. തീവ്രമായതോ നീണ്ടുനിൽക്കുന്നതോ ആയ എല്ലാ പനിക്കും വൈദ്യസഹായം തേടണം.





# കൊല്ലം പോർട്ടിന് ഐ.എസ്.പി.എസ് കോഡ്

**കൊല്ലം:** പോർട്ട് സുരക്ഷ സംബന്ധിച്ചുള്ള അന്താരാഷ്ട്ര സംവിധാനമായ ഐ.സി.പി.എസ് കോഡ് കൊല്ലം പോർട്ടിന് അനുവദിച്ചു. ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിന്റെ കീഴിൽ കൊച്ചിയിലുള്ള മർക്കന്റയിൽ മറൈൻ ഡിപ്പാർട്ട്മെന്റാണ് ആറ് മാസത്തേക്ക് കൊല്ലം പോർട്ടിന് ഐ.എസ്.പി.എസ് കോഡ് അനുവദിച്ചത്.

ഐ.എസ്.പി.എസ് കോഡ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഈ മാസം 8ന് മർക്കന്റയിൽ മറൈൻ ഡിപ്പാർട്ട്മെന്റിലെ (എം.എം.ഡി) നോട്ടിക്കൽ സർവേയർ ക്യാപ്ടൻ ഗിരിധർ ഷേണായിയുടെ നേതൃത്വത്തിലുള്ള സംഘം കൊല്ലം പോർട്ടിൽ പരിശോധന നടത്തിയിരുന്നു. സുരക്ഷാ സംബന്ധമായ ക്രമീകരണങ്ങൾ സംബന്ധിച്ച് പരിശോധനാ സംഘം അനുകൂല റിപ്പോർട്ട് നൽകിയതിനെ തുടർന്നാണ് ഇപ്പോൾ കോഡ് അനുവദിച്ചിരിക്കുന്നത്. ആദ്യഘട്ടമായത് കൊണ്ടാണ് ആറ് മാസത്തേക്ക് അനുവദിച്ചിരിക്കുന്നത്.

ഇതിന് ശേഷം സുരക്ഷാ ക്രമീകരണങ്ങളിൽ വീഴ്ച ഇല്ലെന്ന് ഉറപ്പായാൽ ദീർഘമായ സമയത്തേക്ക് അനുവദിക്കും. ഐ.എസ്.പി.എസ് കോഡ്പോർട്ടുകളുടെ സുരക്ഷയുമായി ബന്ധപ്പെട്ട് അന്താരാഷ്ട്ര തലത്തിൽ നിർബന്ധമാക്കിയിട്ടുള്ളതാണ് ഐ.എസ്.പി.എസ് കോഡ്. ഇത് അനുവദിക്കുന്നതിന് പോർട്ടിലേക്ക് അതിക്രമിച്ച് കടക്കൽ തടയൽ, യാനങ്ങളിൽ നിന്നോ യാനങ്ങളിലേക്കോ പരിശോധനകളിലാതെ കടക്കാനുള്ള സാഹചര്യങ്ങൾ തടയാനുള്ള ക്രമീകരണം. അനധികൃതമായി സാമഗ്രികൾ കടത്തുന്നത് തടയാനുള്ള സംവിധാനങ്ങൾ തുടങ്ങിയവ സംബന്ധിച്ചായിരുന്നു പരിശോധന.

സുരക്ഷാ ഭീഷണി നേരിടാനുള്ള റഡാറുകൾ, മെറ്റൽ ഡിറ്റക്ടർ, സ്കാനറുകൾ, നിരീക്ഷണ കാമറ സംവിധാനം എന്നിവയാണ് നിർബന്ധമായും വേണ്ടിയിരുന്നത്.ഐ.സി.പിയിലേക്കുള്ള ചവിട്ടുപടി ഐ.എസ്.പി.എസ് കോഡ് അനുവദിച്ചത് കൊല്ലം പോർട്ടിന് എമിഗ്രേഷൻ ചെക്ക് പോയിന്റ് അനുവദിക്കാനും സഹായകരമാകും. എമിഗ്രേഷൻ പോയിന്റ് അനുവദിക്കാനുള്ള മറ്റ് അടിസ്ഥാന സൗകര്യങ്ങളെല്ലാം നിലവിൽ കൊല്ലം പോർട്ടിൽ സജ്ജമാണ്. ഐ.എസ്.പി.എസ് കോഡ് ഇല്ലാത്തതാണ് പോരായ്മയായി ചൂണ്ടിക്കാട്ടിയിരുന്നത്. ഈ പ്രശ്നമാണ് ഇപ്പോൾ പരിഹരിച്ചത്.

# ഇരപ്പൻപാറ ടൂറിസം പദ്ധതി: ഭരണാനുമതി ലഭിച്ചിട്ട് ഒരുവർഷം

**വള്ളികുന്നം:** ഭരണാനുമതി ലഭിച്ച് ഒരുവർഷം കഴിഞ്ഞിട്ടും ജില്ലയിലെ ഏക വെള്ളച്ചാട്ടമായ താമരക്കുളം ഇരപ്പൻപാറയിലെ ടൂറിസം പദ്ധതി നടപ്പായില്ല. പദ്ധതിക്ക് സാങ്കേതിക,? സാമ്പത്തിക അനുമതികൾ ലഭിക്കാത്തതാണ് ആലപ്പുഴ കൊല്ലം ജില്ലകളുടെ അതിർത്തിയിലെ പ്രകൃതിദത്തടൂറിസം കേന്ദ്രത്തിന്റെ വികസനത്തിന് തടസം നിൽക്കുന്നത്.

തദ്ദേശടൂറിസം വകുപ്പുകൾ സംയുക്തമായി ആരംഭിച്ചഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ ഭാഗമായാണ് ഇരപ്പൻപാറ ടൂറിസം പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയത്. ഓരോ തദ്ദേശസ്ഥാപന പരിധിയിലും ഒരു വിനോദ സഞ്ചാര കേന്ദ്രമെങ്കിലും വികസിപ്പിക്കുകയെന്നതായിരുന്നു ഡെസ്റ്റിനേഷൻ ചലഞ്ചിന്റെ ലക്ഷ്യം. ഉത്തരവാദിത്ത ടൂറിസം മിഷന്റെ സഹായത്തോടെ ആധുനിക രീതിയിൽ വികസിപ്പിക്കുന്ന വിനോദസഞ്ചാര കേന്ദ്രങ്ങൾ വഴി പ്രദേശവാസികൾക്ക് തൊഴിലും വരുമാനവും ഉറപ്പാക്കുകയായിരുന്നു പദ്ധതിയുടെ ലക്ഷ്യം. 12 ജില്ലകളിലായി 30 പ്രാദേശിക ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കാനുള്ള പദ്ധതിയിലാണ് ഇരപ്പൻപാറ പദ്ധതിയും ഉൾപ്പെടുത്തിയത്.

വയ്യാങ്കരച്ചിറയും ഇരപ്പൻപ്പാറ വെള്ളച്ചാട്ടവും കോർത്തിണക്കിയുള്ള ടൂറിസം പദ്ധതി കൊല്ലം, ആലപ്പുഴ ജില്ലകളിലെ വിനോദ സഞ്ചാരികളെ ആകർഷിക്കാൻ പര്യാപ്തമായിരുന്നു.പദ്ധതി വൈകുന്നതോടെ ഇരപ്പൻപാറയും തോടും മാലിന്യം ഉപേക്ഷിക്കാനുള്ള ഇടമായി മാറിയിരിക്കുകയാണ്. വീടുകളിലും സ്ഥാപനങ്ങളിലും നിന്നുള്ള പ്ളാസ്റ്റിക്ക് ഉൾപ്പെടെയുള്ള മാലിന്യം ഇവിടെ തള്ളാൻ തുടങ്ങിയതോടെ ഇരപ്പൻതോടും മലിനമായിക്കഴിഞ്ഞു.

കാലവർഷം ശക്തമാകാത്ത സാഹചര്യത്തിൽ ഇരപ്പൻപാറയും തോടും വെള്ളംവറ്റി ഒഴുക്കിന്റെ ശക്തി ക്ഷയിച്ച നിലയിലാണ്.ഇരപ്പൻപാറ താമരക്കുളം ഓച്ചിറ റോഡിൽ താമരക്കുളം ജംഗ്ഷന് സമീപമാണ് ഇരപ്പൻപാറ വെള്ളച്ചാട്ടം.

നിർദ്ദിഷ്ട വയ്യാങ്കര ടൂറിസം പദ്ധതിയിലുൾപ്പെട്ട വയ്യാങ്കര ചിറയിൽ നിന്നടകം പല തോടുകളിൽ നിന്നുള്ള വെള്ളമാണ് ഇരപ്പൻപാറയിലേക്ക് ഒഴുകിയെത്തുന്നത്. പാറകളിലേക്ക് വെള്ളം ഇരച്ചെത്തുന്ന ശബ്ദം കാരണമാണ് ഇരപ്പൻ പാറയെന്ന പേര് വന്നത്.

മഴക്കാലത്ത് കുത്തിയൊലിച്ചെത്തുന്ന വെള്ളം പാറകളിൽ വീണ് ചിന്നിച്ചിതറി നുരഞ്ഞ് പതഞ്ഞൊഴുകുന്ന കാഴ്ച സഞ്ചാരികൾക്കും നാട്ടുകാർക്കും ഒരുപോലെ സന്തോഷപ്രദമാണ്.പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. സാങ്കേതിക നടപടികൾ പൂർത്തിയായാലുടൻ ടെൻഡർ നടപടികൾ ആരംഭിക്കും. അതിനാവശ്യമായ ഇടപെടൽ നടത്തിവരികയാണ്



## കൂടുതൽ ജലപാതകളെ ബന്ധിപ്പിച്ച് വാട്ടർ മെട്രോ; പുതിയ 16 ടെർമിനലുകൾ കൂടി

**കൊച്ചി:** ജനങ്ങൾ ഇരുകൈയും നീട്ടി സ്വീകരിച്ച വാട്ടർ മെട്രോ കൂടുതൽ ജലപാതകളെ ബന്ധിപ്പിച്ചുള്ള സർവീസുകൾ ഉടൻ ആരംഭിക്കും. വാട്ടർ മെട്രോയ്ക്ക് പുതിയ 20 ടെർമിനലുകൾ കൂടി നിർമ്മിക്കാൻ നടപടികൾ തുടങ്ങി. ഇവയിൽ 16 എണ്ണത്തിന് സ്ഥലം ഏറ്റെടുത്തു കഴിഞ്ഞു. നാലെണ്ണം പലകാരണങ്ങളാൽ തടസപ്പെട്ടു കിടക്കുകയാണ്. 38 ടെർമിനലുകളാണ് 736 കോടിയുടെ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. ഇതിൽ അഞ്ചെണ്ണം പൂർത്തിയായി. മൂന്നെണ്ണം അന്തിമഘട്ടത്തിലാണ്.രണ്ടുമാസം മുമ്പ് സർവീസ് തുടങ്ങിയ മെട്രോ സർവീസ് രണ്ടും രണ്ട് റൂട്ടുകളിലും ഹിറ്റായി. സർവീസ് ആരംഭിച്ച വൈറ്റില, കാക്കനാട്, ഹൈക്കോർട്ട്, വൈപ്പിൻ ടെർമിനലുകൾ കൂടാതെ ബോൾഗാട്ടി, സൗത്ത് ചിറ്റൂർ, ഏലൂർ, ചേരാനല്ലൂർ ടെർമിനലുകൾ ഏതാണ്ട് പൂർത്തിയായി കഴിഞ്ഞു. ഫോർട്ടുകൊച്ചിയിലെ നിർമ്മാണം ഇഴയുകയാണ്.പുതിയ ടെർമിനലുകളുടെ നിർമ്മാണത്തിനുള്ള ടെൻഡർ നടപടികൾക്ക് കാക്കുകയാണ് കൊച്ചി വാട്ടർ മെട്രോ ലിമിറ്റഡ്.

10 ദ്വീപുകളിലെ ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരവും ടൂറിസം രംഗത്ത് ഊർജവും നൽകുന്നതാണ് വാട്ടർ മെട്രോ. 23 വലിയ ബോട്ടുകളും 55 ചെറിയ ബോട്ടുകളുമാണ് പദ്ധതിയിലുള്ളത്. വലിയ ബോട്ടുകൾ മാത്രമാണ് ഇപ്പോൾ സർവീസിലുള്ളത്. കൊച്ചിൻ ഷിപ്പ്യാർഡാണ് ബോട്ടുകൾ നിർമ്മിക്കുന്നത്. ഇതിൽ ഒമ്പതെണ്ണം കൈമാറി. നാലെണ്ണം നിർമ്മാണത്തിന്റെ അന്തിമഘട്ടത്തിലാണ്. എട്ട് ടെർമിനലുകളും ഒരുങ്ങി.

ബാക്കിയുള്ള 30 എണ്ണത്തിന്റെ ഭാഗമാണ് ഇപ്പോൾ നിർമ്മാണ നടപടികളിലേക്ക് കടക്കുന്നവ.ചെറിയ ബോട്ടുകളുടെ നിർമ്മാണം തുടങ്ങിയിട്ടില്ല. 76 കിലോമീറ്റർ നീളുന്ന 15 റൂട്ടുകളിലാണ് സർവീസ് നടത്തേണ്ടത്. വൈറ്റിലയിൽ നിന്ന് കാക്കനാട്ടേക്ക് നല്ല തിരക്കുള്ളതിനാൽ രണ്ട് ബോട്ടുകളാണ് ഓടുന്നത്. ഹൈക്കോടതി വൈപ്പിൻ റൂട്ടിൽ വിനോദസഞ്ചാരികളാണ് ഭൂരിഭാഗവും കയറുന്നത്.



## ഞാറ് ഉണങ്ങിത്തുടങ്ങി, കർഷകർ ദുരിതത്തിൽ

**മുതലമട:** കാലവർഷം ദുർബലമായതോടെ ആശങ്കയിലായി നെൽകർഷകർ. മുതലമട പഞ്ചായത്തിലെ വിവിധ പാടശേഖരങ്ങളിൽ വിതച്ച ഞാറുകളെല്ലാം ഉണക്ക് ഭീഷണി നേരിടുകയാണ്. പറയമ്പള്ളം, ചുവട്ട്പാടം, കാട്ട്പാടം തുടങ്ങിയ പ്രദേശങ്ങളിലാണ് പാകിയ ഞാറുകൾ പാകമായിട്ടും വെള്ളമില്ലാത്തതിനാൽ പറിച്ചുനടാൻ കഴിയാതെയിരിക്കുന്നത്. കഴിഞ്ഞ സീസണിൽ നെല്ലളന്ന പണം പോലും ലഭിക്കാത്ത സാഹചര്യത്തിൽ ഇത്തവണ കൃഷിപ്പണികൾക്കായി കടംവാങ്ങേണ്ട അവസ്ഥയിലാണ് കർഷകർ.

മുതലമട പഞ്ചായത്തിൽ നിരവധി ഡാമുകളുണ്ടെങ്കിലും ജലനിരപ്പ് വലിയ തോതിൽ താഴ്ന്നിരിക്കുകയാണ്. കുടിവെള്ളത്തിന് വിതരണം ചെയ്യാനുള്ള വെള്ളം മാത്രമാണ് മീങ്കര അണക്കെട്ടിൽ അവശേഷിക്കുന്നത്. ചരിത്രത്തിൽ ആദ്യമായാണ് ഇത്രയും തഴേക്ക് ജലനിരപ്പ് എത്തുന്നതെന്ന് നാട്ടുകാർ പറയുന്നു. ചുള്ളിയാറിൽ മത്സ്യബന്ധനം പോലും തടസപ്പെടും വിധമാണ് ജലനിരപ്പുള്ളത്.



# ജനപ്രിയ കൃഷികളിൽ മുൻപിൽ ജാതിക്കൃഷി

സംസ്ഥാനത്തിന്റെ 20 വർഷത്തെ കണക്കെടുത്തു നോക്കിയാൽ കൃഷിയിടവിസ്തൃതിയിലും ഉൽപാദനത്തിലും ഇടിവു നേരിട്ട കൃഷിയിനങ്ങൾ ഏറെയുണ്ട്. വിലയിടിവ്, തൊഴിലാളി ക്ഷാമം, ഉൽപാദനക്കുറവ്, രോഗകീടബാധ എന്നിങ്ങനെ കാരണങ്ങൾ പലതുണ്ട്. മറുവശത്ത്, തൊഴിലാളികളുടെ ആവശ്യകത കുറഞ്ഞതും കായികാധ്വാനം ഏറെ വേണ്ടാത്തതും ലളിതമായ പരിപാലനം മതിയാവുന്നതും എല്ലാറ്റിലുമുപരി മികച്ച വില സ്ഥിരമായി ലഭിക്കുന്നതുമായ ഇനങ്ങളിലേക്ക് കർഷകർ തിരിയുന്നുമുണ്ട്. കുറഞ്ഞത് 6 ഇനങ്ങൾ ഈ ഗണത്തിൽ വരും. അതിൽ പ്രധാനപ്പെട്ടതാണ് ജാതി.

സംസ്ഥാനത്ത് 10 വർഷം കൊണ്ട് ജാതിക്കൃഷിക്കുണ്ടായത് 206 ശതമാനം വളർച്ച! തുടർച്ചയായി വളർ ച്ച രേഖപ്പെടുത്തുന്ന കൃഷിയിനം എന്ന മേന്മയുമുണ്ട് ജാതിക്ക്. 2020,21ലെ കണക്കു പ്രകാരം 23,509.64 ഹെക്ടറിലാണ് നമ്മുടെ ജാതിക്കൃഷി. തുടർച്ചയായ വർധനയ്ക്കു ശേഷം 2021, 22ൽ തൊട്ടു മുൻ വർഷത്തേക്കാൾ 0.77 ശതമാനത്തിന്റെ നേരിയ കുറവ് കാണിച്ചെങ്കിലും കോവിഡ് കാലത്തു പൊതുവെയുണ്ടായ തടസ്സങ്ങളുടെ ഫലം മാത്രമാണത്. സംസ്ഥാനത്തു സമീപകാലത്ത് വിദേശഫലവൃക്ഷങ്ങളോടു താൽപര്യമേറുകയും അവയുടെ തൈ വിൽപന കൂടുകയും ചെയ്തല്ലോ. എന്നാൽ ഏറ്റവും മൂല്യമേറിയ എക്സോട്ടിക് പഴവർഗങ്ങളുടെ തൈവിലയെക്കാൾ ഉയർന്ന നിരക്കിലാണ് പലയിടത്തും ഇന്ന് ജാതിത്തൈ വിൽപന. തൈ ഒന്നിന് 1,300 രൂപവരെ വാങ്ങുന്ന വൻകിട ജാതിനഴ്സറികളുണ്ട് കേരളത്തിൽ.



റബർപോലെ ആഗോളമൂല്യമുള്ള കാർഷികോൽപന്നമാണ് ജാതിയും. വിപണിയിലത് ഗുണവും ദോഷവു മുണ്ടാക്കുന്നുണ്ട്. ഔഷധങ്ങൾ, സൗന്ദര്യവർധക വസ്തുക്കൾ, ഭക്ഷ്യോൽപന്നങ്ങൾ എന്നിവയുടെ നിർമാണത്തിനാണ് ജാതിക്ക ഉപയോഗിക്കുന്നത്. സാമ്പത്തികമാന്ദ്യം പോലുള്ള പ്രശ്നങ്ങൾ ആദ്യം ബാധിക്കുക ഇത്തരം പ്രീമിയം ഉൽപന്നങ്ങളുടെ വിപണിയെയാവും. അതുകൊണ്ടുതന്നെ ആഗോള സാമ്പത്തിക സാഹചര്യം ജാതിക്കയുടെ വിലയെ ബാധിക്കും.

അതേസമയം കോവിഡ്കാല മാന്ദ്യത്തിനു ശേഷം ഇത്തരം ഉൽപന്നങ്ങളുടെ ആഗോള ആവശ്യകത വർധിക്കുന്നു എന്നത് ജാതിക്ക് അനുകൂലവുമാണ്. എല്ലാക്കാലത്തും ശരാശരി വില ലഭിക്കുന്ന വിളയാണ് ജാതിക്ക. യൂറോ, അമേരിക്കൻ വിപണിയിൽ ഗ്രനഡയുടെയും ഇന്തൊനീഷ്യയുടെയും ജാതിക്കയ്ക്കാണ് ആധിപത്യം. സ്വാഭാവികമായും ഈ രാജ്യങ്ങളിലെ ഉൽപാദന സാഹചര്യങ്ങൾ നമ്മുടെ ജാതിക്കവിലയിലും പ്രതിഫലിക്കും. ഗൾഫ് രാജ്യങ്ങൾ, അമേരിക്ക, നൈജീരിയ, ഇസ്രയേൽ എന്നിവിടങ്ങളിലേക്കാണ് നമ്മുടെ കയറ്റുമതി. സമീപകാലത്ത് ആകർഷകമായ വിലയാണ് സംസ്ഥാനത്തെ ജാതിക്കർഷകർ നേടുന്നത്. നിലവിൽ കായയ്ക്ക് തൊണ്ടോടെ കിലോ 300,350 രൂപയും പത്രിക്ക്(ഫ്ളവർ) 1650,1800 രൂപയും വിലയുണ്ട്. വാങ്ങാൻ ചുറ്റുവട്ടത്തുതന്നെ കച്ചവടക്കാരുമുണ്ട്.

പരിമിതമായ സ്ഥലമുള്ളവർക്കും ഒന്നോ രണ്ടോ ജാതി പരിപാലിക്കാം. നന്നായി പരിപാലിച്ചാൽ 4ാം വർഷംതന്നെ ഉൽപാദനം. 8,10 വർഷം പിന്നിട്ട ഒരു മരത്തിൽനിന്ന് ആണ്ടിൽ 10,000 രൂപവരെ വരുമാനം നേടുന്നവരുണ്ട്. പരിമിതമാണ് കൃഷിപ്പണികൾ.

ആണ്ടിൽ 2 തവണ വളപ്രയോഗം. കൂടുതൽ കൃഷിവിസ്തൃതിയുള്ളവർക്കേ ഇതിനായി തൊഴിലാളിയെ വിളിക്കേണ്ടതുള്ളൂ. തുള്ളിനന / സ്പ്രിങ്ക്ളർ ഉൾപ്പെടെയുള്ള മാർഗങ്ങൾ അവലംബിച്ചാൽ നനയ്ക്കാൻ ആളു വേണ്ട. ചുരുക്കത്തിൽ പാർട് ടൈം കൃഷിക്കാർക്കും യോജിച്ച വിള. വിളവെടുപ്പും കുരു പത്രി വേർതിരിക്കലും വീട്ടുകാർക്കു സ്വയം ചെയ്യാം. ഡ്രയർ വാങ്ങിയാൽ ഉണക്കൽ എളുപ്പമായി. നന്നായി ഉണക്കി വായു കടക്കാത്തവിധം പായ്ക്ക് ചെയ്തു സൂക്ഷിച്ചാൽ വിപണി വിലയിലെ ഏറ്റക്കുറച്ചിൽ നിരീക്ഷിച്ച് അനുകൂലസമയം വിലയിരുത്തി വിൽക്കാം.



# മതിലുകൾക്ക് അഴകേകാൻ സാൻഡ് പേപ്പർ വൈൻ

നക്ഷത്രപ്പൂക്കൾ വിടർത്തുന്ന ട്രോപ്പിക്കൽ വള്ളിച്ചെടിയാണ് സാൻഡ് പേപ്പർ വൈൻ അഥവാ പെട്രിയ വോലുബിലിസ്. ലാവെൻഡർ, വൈറ്റ് എന്നിങ്ങനെ പെട്രിയയിൽ 2 നിറഭേദങ്ങളുണ്ട്. ഇടതൂർന്നു വിരിഞ്ഞു നിൽക്കുന്ന പെട്രിയ പൂക്കൾ ദൂരെ നിന്നു കണ്ടാൽ മുന്തിരിക്കുലകളെന്നു തോന്നും. പൂങ്കുലകൾ 23 ആഴ്ച വരെ കൊഴിയാതെ നിൽക്കും. ലാവൻഡർ പൂക്കൾക്ക് പ്രശസ്തമായ ജാപ്പനീസ് വിസ്റ്റീരിയ വൈനിനോട് സാമ്യമുണ്ട്. അതിനാൽ ചിലർ ഇതിനെ വിസ്റ്റീരിയയുടെ കസിൻ എന്നും വിശേഷിപ്പിക്കാറുണ്ട്.

പെട്രിയ ചെടിയുടെ ഇലയുടെ മുകൾ ഭാഗം വരണ്ടതും പരുക്കനുമാണ്; ചെടിക്ക് സാൻഡ്പേപ്പർ വൈൻ എന്നു പേര് വന്നതും അതുകൊണ്ടുതന്നെ.

സാധാരണ വള്ളിച്ചെടികളിൽനിന്നു വ്യത്യസ്തമായി ഇവയുടെ തണ്ടിന് നല്ല കട്ടിയുണ്ട്. നന്നായി പൂവിടാൻ നല്ല തോതിൽ സൂര്യപ്രകാശം ആവശ്യമാണ്. എങ്കിലും ഭാഗിക തണലിലും പൂവിടും.

56 മണിക്കൂർ നേരിട്ടു സൂര്യപ്രകാശം ലഭിക്കുന്ന ഇടമെങ്കിൽ ചെടികൾ വേഗം വളരുകയും പൂവിടുകയും ചെയ്യും. വരൾച്ചയെ ഒരു പരിധിവരെ നേരിടുന്ന ചെടിയാണ് പെട്രിയ. അതുകൊണ്ട് കടുത്ത വേനലിൽ മാത്രമേ നന ആവശ്യമുള്ളൂ.

അനുകൂല സാഹചര്യത്തിൽ ചെടി വേഗത്തിൽ വളരുമെന്നതിനാൽ, വളർച്ച നിയന്ത്രിക്കാൻ തുടർച്ചയായ പ്രൂണിങ് ആവശ്യമാണ്.

ബൊഗൈൻവില്ലയുടെ കാര്യത്തിലെന്നപോലെ, കൃത്യമായി പ്രൂണിങ് നടന്നാൽ നിറയെ പൂവിടും. പൂക്കൾക്കു സുഗന്ധമൊന്നുമില്ലെങ്കിലും ഈ വള്ളിച്ചെടി ഏതു പൂന്തോട്ടത്തിന്റെയും ഭംഗിയേറ്റും.

തേനീച്ചകൾ, ചിത്രശലഭങ്ങൾ എന്നിവയ്ക്ക് പെട്രിയ പൂക്കൾ ഏറെ ഇഷ്ടം. അതുകൊണ്ടുതന്നെ അവർ പെട്രിയയുടെ നിത്യസന്ദർശകരായി മാറും. സാൻഡ് പേപ്പർ വൈന്റെ പൂക്കൾ ഡ്രൈഫ്ലവർ ആയി ഉപയോഗിക്കാറുണ്ട്, ഫോട്ടോ ഫ്രെയിമുകൾ നിർമിക്കുന്നതിനു ഹോം ഡെക്കർ ആയും ഉപയോഗിക്കുന്നു.

## നെടുങ്കണ്ടം അഗ്നിരക്ഷാ നിലയത്തിലേക്ക് ഉപകരണങ്ങൾ കൈമാറി

നെടുങ്കണ്ടം: അഗ്നിരക്ഷാ നിലയത്തിലേക്കുള്ള ഉപകരണങ്ങൾ കൈമാറി. ബ്ലോക്ക് പഞ്ചായത്തിന്റെ 202223 പദ്ധതിയിലുൾപ്പെടുത്തി ബ്ലോക്ക് തല ദുരന്തനിവാരണ സേനയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കലും ഉപകരണങ്ങൾ വാങ്ങി നൽകലും എന്ന പദ്ധതി പ്രകാരമാണ് ഉപകരണങ്ങൾ കൈമാറിയത്. അഗ്നിശമനോപകരണങ്ങൾ, അടിയന്തര രക്ഷാ നെറ്റ്, നൈലോൺ റോപ്പ്, പ്രഥമശുശ്രൂഷ കിറ്റുകൾ തുടങ്ങിയ 14 ഓളം അഗ്നി സുരക്ഷാ ഉപകരണങ്ങളാണ് നെടുങ്കണ്ടം അഗ്നിരക്ഷാ നിലയം അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ എൻ സതീഷ് കുമാറിന് നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് കെ ടി കുഞ്ഞ് കൈമാറിയത്.

കമ്മിറ്റി ഹാളിൽ നടന്ന ചടങ്ങിൽ വൈസ് പ്രസിഡന്റ് റാണി തോമസ് അധ്യക്ഷത വഹിച്ചു. ബ്ലോക്കിലെ എല്ലാ പഞ്ചായത്തുകളിലെയും വിഇഒ മാർക്കുള്ള ലാപ്ടോപ്പ് വിതരണവും ബ്ലോക്ക് പഞ്ചായത്ത് മാലിന്യപരിപാലന സംവിധാനം പദ്ധതി പ്രകാരം നിർവഹണ ഉദ്യോഗസ്ഥർക്കുള്ള ജിബിൻ വിതരണവും നടന്നു. ബ്ലോക്ക് പഞ്ചായത്തഅ അംഗം മുകേഷ് മോഹൻ, തഹസിൽദാർ റെജി ഇ എം, ബി.ഡി.ഒ എം കെ ദിലീപ്, ബ്ലോക്ക് പഞ്ചായത്ത് ഭരണാസമിതി അംഗങ്ങൾ, നെടുങ്കണ്ടം അഗ്നി രക്ഷാനിലയത്തിലെ ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

## അപേക്ഷ ക്ഷണിച്ചു

**ഇടുക്കി:** സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേരളയുടെ കിഴിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജിന്റെ ആഭിമുഖ്യത്തിൽ ഹോസ്പിറ്റൽ ഇൻഫെക്ഷൻ പ്രിവൻഷൻ ആന്റ് കൺട്രോളിൽ സർട്ടിഫിക്കറ്റ് പ്രോഗ്രാമിന് അപേക്ഷ ക്ഷണിച്ചു. ഡോക്ടർമാർ, ഡിപ്ലോമയോ ഡിഗ്രിയോ ഉള്ള നഴ്സിംഗ്, പാരാമെഡിക്കൽ, അഡ്മിനിസ്ട്രേറ്റീവ് പ്രൊഫഷണലുകൾ എന്നിവർക്ക് അപേക്ഷിക്കാം. https://apps.rccc.in/register എന്ന ലിങ്കിലൂടെ ആപ്ലിക്കേഷൻ ഓൺലൈനായി സമർപ്പിക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 30. വിശദവിവരങ്ങൾക്ക് ഫോൺ: 9048110031/8075553851. വെബ്സൈറ്റ്: wwws.rccc.in



## ശബരി വിമാനത്താവളം:
# സ്ഥലം വിട്ടുനൽകുന്നവർക്കു മികച്ച പുനരധിവാസ പാക്കേജ്

**എരുമേലി:** ശബരി വിമാനത്താവളം നിർമാണത്തിനു സ്ഥലം വിട്ടുനൽകുന്നവർക്കു മികച്ച പുനരധിവാസ പാക്കേജായിരിക്കും നൽകുകയെന്നു ശബരി വിമാനത്താവളം സ്പെഷൻ ഓഫിസർ വി.തുളസീദാസ്. ജനകീയ യോഗത്തിൽ വിമാനത്താവള പദ്ധതി സംബന്ധിച്ച സംശയങ്ങൾക്കു മറുപടി പറയുകയായിരുന്നു അദ്ദേഹം.

റൺവേ നിർമിക്കുന്നതിനു വേണ്ടി മാത്രമുള്ള സ്വകാര്യ ഭൂമിയേ ചെറുവള്ളി എസ്റ്റേറ്റിനു പുറത്ത് ഏറ്റെടുക്കുകയുള്ളൂ.ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുള്ള സർവേ നമ്പറുകളിലുള്ള സ്വകാര്യ ഭൂമി പൂർണമായും ഏറ്റെടുക്കേണ്ടി വരില്ല. ആവശ്യമായ ഭൂമി അളന്നു തിട്ടപ്പെടുത്തും. ഇതിനു ശേഷം മാത്രമേ എസ്റ്റേറ്റിനു പുറത്ത് എത്ര സ്ഥലം വേണം എന്നതു കൃത്യമായി കണക്കാക്കാൻ കഴിയൂ.വിമാനത്താവളവുമായി ബന്ധപ്പെട്ട കാർഗോ, വെയർഹൗസുകൾ, സ്റ്റോർ, ഹോട്ടലുകൾ, കാർ പാർക്കിങ് തുടങ്ങിയവ പൂർണമായും ചെറുവള്ളി എസ്റ്റേറ്റിനുള്ളിൽ തന്നെ ആയിരിക്കും തുളസീദാസ് പറഞ്ഞു.

2013ലെ സ്ഥലം ഏറ്റെടുക്കൽ നിയമം വരുന്നതിനു മുൻപു കണ്ണൂർ വിമാനത്താവളത്തിനു സ്ഥലം ഏറ്റെടുത്തപ്പോൾ മികച്ച പുനരധിവാസ പാക്കേജാണു ലഭ്യമാക്കിയത്. അന്നു സ്ഥലം നൽകിയവർ പാക്കേജിൽ സംതൃപ്തരാണ്. പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ച ശേഷം തങ്ങളുടെ ഭൂമി കൂടി ഏറ്റെടുക്കണമെന്ന ആവശ്യവുമായി പലരും വന്നു.

സാമൂഹിക ആഘാത പഠനം പൂർത്തിയായ ശേഷം സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട വിജ്ഞാപനമിറക്കും. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനുള്ള നീക്കം പല കോണുകളിൽ നിന്നു നടക്കുന്നുണ്ട്. അതിനാൽ തുടർനടപടികളും നഷ്ടപരിഹാര പാക്കേജും സംബന്ധിച്ച് സംസാരിച്ച് ഉറപ്പാക്കണം തുളസീദാസ് പറഞ്ഞു.

സെബാസ്റ്റ്യൻ കുളത്തുങ്കൽ എംഎൽഎ അധ്യക്ഷത വഹിച്ചു. ആന്റോ ആന്റണി എംപി, ഗവ. ചീഫ് വിപ് എൻ.ജയരാജ്, വാഴൂർ സോമൻ എംഎൽഎ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശുഭേഷ് സുധാകരൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അജിത രതീഷ്, പഞ്ചായത്ത് പ്രസിഡന്റ് മറിയാമ്മ സണ്ണി, ബ്ലോക്ക് പഞ്ചായത്തംഗം ടി.എസ്.കൃഷ്ണകുമാർ, പഞ്ചായത്തംഗം തങ്കമ്മ ജോർജുകുട്ടി, തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് കെ.അനന്തഗോപൻ, ഡപ്യൂട്ടി കലക്ടർ മുഹമ്മദ് ഷാഫി, തഹസിൽദാർ റോസ്ന ഹൈദ്രോസ്, അജിത് കുമാർ, ബിനോ ജോൺ ചാലക്കുഴി എന്നിവർ പ്രസംഗിച്ചു.

## പോത്ത്, ആട്ടിൻകുട്ടി വളർത്തൽ: അപേക്ഷ ക്ഷണിച്ചു

**ഇടുക്കി:** പോത്ത് കിടാരികൾ, ആട്ടിൻകുട്ടികൾ എന്നിവയെ വളർത്തി തിരിച്ചെടുക്കുന്നതിന് മീറ്റ് പ്രോഡക്റ്റ്സ് ഓഫ് ഇന്ത്യ ആവിഷ്കരിച്ച പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. സംസ്ഥാനത്തുടനീളം 500 കർഷകരെ തിരഞ്ഞെടുത്ത് ഒരാൾക്ക് രണ്ട് പോത്തിൻകുട്ടികളെയോ അഞ്ച് പെൺ ആട്ടിൻകുട്ടികളെയോ വളർത്താൻ കൊടുക്കും.

കുട്ടികളുടെ വില ആദ്യം കർഷകർ നൽകേണ്ടതില്ല. എന്നാൽ വളർത്തിയെടുക്കുന്ന പോത്ത്/ആട് ഇവയെ എം.പി.ഐ. ക്ക് തിരിച്ചുനൽകണം. എം.പി.ഐ. മാർക്കറ്റ് വിലക്ക് ഇവയെ തിരിച്ചെടുക്കും. ഈ അവസരത്തിൽ കുട്ടികളുടെ വില ഈടാക്കി ബാക്കി തുക കർഷകർക്കു നൽകും. 12 മാസമാണ് വളർത്തുകാലഘട്ടം. ഒമ്പത് മാസം പ്രായമുള്ള ആട്ടിൻകുട്ടികളെയും 12 മാസം പ്രായമുള്ള പോത്ത് കിടാരികളെയുമാണ് വളർത്താൻ നൽകുന്നത്. ഇൻഷുറൻസ്, വെറ്ററിനറി എയ്ഡ്, ട്രെയിനിങ്, എന്നിവ എം.പി.ഐ. നിർവഹിക്കും. ജൂലൈ 31 വരെ ഓൺലൈനായോ നേരിട്ടോ പദ്ധതിയിലേക്കുള്ള രജിസ്ട്രേഷൻ ഹെഡ് ഓഫീസിൽ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 8281110007, 9947597902.

## അപേക്ഷ ക്ഷണിച്ചു

**ഇടുക്കി:** ക്ഷീരവികസന വകുപ്പിന്റെ 20232024 തീറ്റപ്പുൽകൃഷി വ്യാപന പദ്ധതി നടപ്പാക്കുന്നതിന് നെടുങ്കണ്ടം, വാത്തിക്കുടി ക്ഷീരവികസന യൂണിറ്റ് ഓഫീസുകളിൽ 10 മാസത്തേക്ക് കരാർ അടിസ്ഥാനത്തിൽ ഡയറി പ്രമോട്ടർ ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം 8000 രൂപ ഇൻസെന്റീവ് നൽകും. അപേക്ഷകൾ നിർദ്ദിഷ്ട മാതൃകയിൽ തയ്യാറാക്കി അതത് യൂണിറ്റ് ഓഫീസിൽ സമർപ്പിക്കണം. അപേക്ഷകർ 18 നും 50 നും ഇടയിൽ പ്രായമുള്ളവരും കുറഞ്ഞത് എസ്എസ്എൽസി വിജയിച്ചവരുമായിരിക്കണം. ഡയറി പ്രമോട്ടറായി മുൻപ് സേവനമനുഷ്ഠിച്ചിട്ടുള്ളവർക്ക് ആ സേവനകാലയളവ് പ്രായപരിധിയിൽ ഇളവ് അനുവദിക്കും. അപേക്ഷകർ എസ്എസ്എൽസി ബുക്കിന്റെ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കണം.

# വാളയാർ ചേർത്തല പാതയിൽ ലൈൻ ട്രാഫിക് ഉദ്ഘാടനത്തിലൊതുങ്ങി

**വടക്കഞ്ചേരി:** റോഡപകടങ്ങൾ ഒഴിവാക്കുക, യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുക തുടങ്ങിയവ മുൻനിർത്തിയുള്ള ലൈൻ ട്രാഫിക് വാളയാർ മുതൽ ചേർത്തല വരെയുള്ള റോഡിൽ കർശനമാക്കിയെന്ന് അഞ്ചുമാസം മുന്പ് മോട്ടോർ വാഹന വകുപ്പിൻറെ വമ്പൻ പട റോഡിലിറങ്ങി പ്രഖ്യാപിച്ചിരുന്നെങ്കിലും അത് ഉദ്ഘാടനത്തിലൊതുങ്ങി.

ദേശീയ പാതയിൽ ഇത് പ്രകടമാകുന്നില്ല. ലൈൻ ട്രാഫിക് പാലിക്കുന്നത് റോഡ് കൈയേറി നടത്തുന്ന അനധികൃത പാർക്കിംഗിൽ മാത്രമാണെന്നാണ് ആക്ഷേപം. തൃശൂർപാലക്കാട് ലൈനിൽ പല ഭാഗത്തും ഇത്തരം അനധികൃത പാർക്കിംഗുമുണ്ട്.

ചരക്കുവാഹനങ്ങളാണ് കൂടുതലും മൂന്നുവരി പാതയിലെ ഇടതു ലൈനിൽ വാഹനം നിർത്തിയിട്ട്



ഈ പാത വഴിയുള്ള ഗതാഗതം തടസപ്പെടുത്തുന്നത്. പന്നിയങ്കര ടോൾപ്ലാസക്കു സമീപം ഏത് സമയവും റോഡിൽ ചരക്കുവാഹനങ്ങളുടെ നീണ്ട ലൈനുകളാണ്.

പാത ഒഴിവാക്കി വാഹനം നിർത്തിയിടണമെന്ന് നിർദേശം നൽകാൻ പോലും അധികൃതർ തയാറല്ല. എല്ലാ റോഡുകളിലും കീപ്പ് ലെഫ്റ്റ് നടപ്പിലാക്കുമെന്നായിരുന്നു അഞ്ചുമാസം മുന്പ് പന്നിയങ്കരയിൽ ലൈൻ ട്രാഫിക് പദ്ധതി ഉദ്ഘാടനം ചെയ്ത് ട്രാൻസ്പോർട്ട് കമ്മീഷണർ എസ്.ശ്രീജിത്ത് പറഞ്ഞത്. കഴിഞ്ഞ ജനുവരി ആറിനായിരുന്നു ഇതിൻറെ ഉദ്ഘാടനം.വേഗത കുറഞ്ഞ വാഹനങ്ങൾ പാതയുടെ ഇടതുഭാഗത്തെ ലൈനിലൂടെയും വേഗത കൂടിയവ വലത് ട്രാക്കിലൂടെയും പോകണം. സ്പീഡ് ലൈൻ മറ്റൊരു വാഹനത്തെ മറികടക്കാൻ മാത്രം ഉപയോഗിക്കുക എന്നതായിരുന്നു വടക്കഞ്ചേരി മണ്ണൂത്തി മൂന്നുവരി പാതയിലുള്ള നിർദേശം. ഒരു മാസത്തിനുള്ളിൽ തന്നെ ട്രാഫിക് നിയമങ്ങൾ പൂർണമായും പാലിച്ചുകൊണ്ടുള്ള വാഹനഗതാഗതം ദേശീയപാതയിൽ നടപ്പിലാക്കും. അങ്ങനെ ഉറപ്പുകൾ പലതുമുണ്ടായി.

ഇപ്പോഴും വേഗത കുറഞ്ഞ ചരക്കുലോറികൾ സ്പീഡ് ലൈനിലൂടെയാണ് പോകുന്നത്. ലൈൻ കീപ്പ് ചെയ്ത് വാഹനം ഓടിക്കണമെന്ന നിർദേശങ്ങളും പാതകളിൽ പാലിക്കപ്പെടുന്നില്ല. സ്വകാര്യ ബസുകളും പലപ്പോഴും രണ്ട് പാതകളിലൂടെയാണ് പോകുന്നത്. ലൈൻ ട്രാഫിക് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വടക്കഞ്ചേരി വഴിയുള്ള പാതയിൽ വാഹനം ഓടിക്കുന്നവർക്കായി ഇടക്ക് ലഘുലേഖകളെങ്കിലും വിതരണം ചെയ്താൽ കുറച്ചെങ്കിലും ലൈൻ ട്രാഫിക്കും കീപ്പ് ലെഫ്റ്റും പാലിച്ച് പോകുമായിരുന്നെന്നാണ് ചൂണ്ടിക്കാട്ടുന്നത്.

# റീസർജൻസ് 2023: ലഹരിവിരുദ്ധ ക്യാമ്പയിന് തുടക്കം




**കൊച്ചി:** ഭാവി തലമുറയ്ക്കും നമ്മുടെ നാടിനും വലിയ ഭീഷണിയായ ലഹരി എന്ന സാമൂഹ്യവിപത്തിനെ ഒറ്റക്കെട്ടായി നേരിടണമെന്ന് വ്യവസായി വകുപ്പ് മന്ത്രി പി. രാജീവ്. ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ റീസർജൻസ് 2023 എന്ന പേരിൽ കാക്കനാട് കാർഡിനൽ ഹയർ സെക്കന്ററി സ്കൂളിൽ സംഘടിപ്പിച്ച ജില്ലാതല ക്യാമ്പയിനിൽ ലഹരി വിരുദ്ധ സന്ദേശം നൽകി സംസാരിക്കുകയായിരുന്നു മന്ത്രി. സമഗ്ര ഏകോപനത്തോടെ കൂട്ടായി പ്രവർത്തിച്ചാൽ മാത്രമേ ലഹരിയുടെ വിപത്തിൽ നിന്ന് നാടിനെയും ഭാവി തലമുറയെയും രക്ഷിക്കാനാകൂ. സ്കൂൾ, കോളേജ്, വാർഡ് തലത്തിൽ രൂപീകരിച്ച ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങളും ശക്തമാക്കണമെന്നും മന്ത്രി പറഞ്ഞു.ചടങ്ങിൽ വിദ്യാർഥികൾക്ക് മന്ത്രി ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. മെഗാ ബോധവൽക്കരണ യജ്ഞം പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം ഹൈബി ഈഡൻ എം. പി. നിർവഹിച്ചു. സ്കൂൾ വിദ്യാർഥികളെ പദ്ധതിയുടെ അംബാസിഡർമാരായി കൊച്ചി എം. അനിൽകുമാർ പ്രഖ്യാപിച്ചു.വിദ്യാർത്ഥികളായ നിങ്ങളുടെ എല്ലാവരുടെയും ഉള്ളിൽ തീവ്രമായ ഒരു ആഗ്രഹം ഉണ്ടായിരിക്കണം. ആ ആഗ്രഹം സാക്ഷാത്കരിക്കാനുള്ള പ്രവർത്തനങ്ങൾ ആയിരിക്കണം നിങ്ങളുടെ ലഹരി എന്ന് ചടങ്ങിൽ അവാർഡ് ദാനം നിർവഹിച്ചുകൊണ്ട് ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ് പറഞ്ഞു. ചടങ്ങിൽ ലഹരി വിരുദ്ധ സന്ദേശ സ്റ്റിക്കർ പ്രകാശനവും കളക്ടർ നിർവഹിച്ചു.തൃക്കാക്കര നഗരസഭ ചെയർപേഴ്സൺ അജിത തങ്കപ്പൻ വൃക്ഷത്തൈ നടീൽ ഉദ്ഘാടനം ചെയ്തു. അങ്കമാലി അതിരൂപത കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസി മാനേജർ ഫാ. തോമസ് നങ്ങേലി മാലിൽ തീം സോങ് പ്രകാശനം ചെയ്തു. ക്യാമ്പയിനോടനുബന്ധിച്ച് എക്സൈസ് പ്രിവന്റീവ് ഓഫീസർ ജയരാജ് അവതരിപ്പിച്ച ലഹരി വിരുദ്ധ സന്ദേശ ഓട്ടൻ തുള്ളൽ, കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജിലെ എൻസിസി ബാന്റിന്റെ നേതൃത്വത്തിൽ ബാന്റ് മേളം, ഭാരത മാതാ കോളേജ് എൻസിസി വിഭാഗത്തിന്റെ നേതൃത്വത്തിൽ ഗാർഡ് ഓഫ് ഓണർ, പാമ്പാക്കുട എൻ.ടി. എം എച്ച്എസ്എസ് എൻസിസി വിഭാഗത്തിന്റെ സെറിമോണിയൽ പരേഡ്, രാമമംഗലം ഹൈസ്കൂൾ സ്റ്റുഡൻസ് പോലീസ് കേഡറ്റിന്റെ എറോബിക് ഡാൻസ്, കാർഡിനൽ ഹയർസെക്കൻഡറി സ്കൂൾ എൻ.സി.സി, സ്കൗട്ട് ആൻഡ് ഗൈഡ്സ് എന്നിവരുടെ ഫ്ളാഷ് മോബ് തുടങ്ങിയ വിവിധ പരിപാടികൾ സംഘടിപ്പിച്ചു.നാഷണൽ കെഡറ്റ് കോർപ്സിന് കേണൽ കുര്യൻ പൗലോസ് ബാഡ്ജ് വിതരണം ചെയ്തു. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റിന് സിറ്റി പോലീസ് കമ്മീഷണർ കെ. സേതുരാമൻ, സ്കൗട്ട് ആൻഡ് ഗൈഡ്സിന് ആലുവ സൂപ്രണ്ട് ഓഫ് പോലീസ് വിവേക് കുമാർ, ജൂനിയർ റെഡ് ക്രോസ് കേഡറ്റിന് എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ ആർ. ജയചന്ദ്രൻ എന്നിവർ ബാഡ്ജുകൾ വിതരണം ചെയ്തു.പരിപാടിയുടെ ഭാഗമായി അശോക വേൾഡ് സ്കൂളിന്റെ നേതൃത്വത്തിലാണ് 5000 ലഹരി വിരുദ്ധ സന്ദേശ സ്റ്റിക്കറുകൾ തയ്യാറാക്കിയത്. എളന്തിക്കര ഗവ. സ്കൂളിലെ ഒമ്പതാം ക്ലാസ് വിദ്യാർത്ഥിയായ പി.ജെ. അവിദ ആണ് ലഹരി വിരുദ്ധം ലോഗോ തയ്യാറാക്കിയത്.എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിലുള്ള വിമുക്തി മിഷൻ, ജില്ലാ ഭരണകൂടം, പൊതുവിദ്യാഭാസ വകുപ്പ് എന്നിവയുമായി സഹകരിച്ചാണ് വിദ്യാർത്ഥികളിൽ ക്യാമ്പയിൻ നടത്തുന്നത്.ചടങ്ങിൽ .ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ്, ഹയർ സെക്കൻഡറി വിഭാഗം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ കെ. എ. വാഹിദ, ജില്ലാ പഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് ജോസഫ് അലക്സാണ്ടർ, ജില്ലാ പഞ്ചായത്ത് മെമ്പർമാർ, ജീവനക്കാർ, എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർ, അധ്യാപകർ, വിദ്യാർഥികൾ തുടങ്ങിയവർ പങ്കെടുത്തു.

# പകർച്ചവ്യാധിപ്രതിരോധം ഊർജ്ജിതമാക്കി ആരോഗ്യവകുപ്പ്

**കൊച്ചി:** എറണാകുളം ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ ഡെങ്കിപ്പനി, എലിപ്പനി H1N1 തുടങ്ങിയ പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ സ്ഥാപനങ്ങളും പൊതു ജനങ്ങളും നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.ഡെങ്കിപ്പനി നിയന്ത്രണത്തിന്റെ ഭാഗമായി വെള്ളിയാഴ്ച സ്കൂളുകളിലും ശനിയാഴ്ച സ്ഥാപനങ്ങളിലും ഞായറാഴ്ച വീടുകളിലും കൊതുകിന്റെ ഉറവിട നശീകരണത്തിനായി ഡ്രൈ ഡേ നടത്തണം.കൊതുകു വളരുന്ന സാഹചര്യങ്ങൾ പൂർണ്ണമായും ഇല്ലാതാക്കണം.പനിയുള്ളവർ സ്വയം ചികിത്സയ്ക്ക് മുതിരാതെ അടുത്തുള്ള ആരോഗ്യ കേന്ദ്രങ്ങളെ സമീപിക്കേണ്ടതാണ്. മഴക്കാല രോഗങ്ങൾ ആയ ഡെങ്കിപ്പനി എലിപ്പനി മഞ്ഞപ്പിത്തം തുടങ്ങിയവ ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്ഡെങ്കിപ്പനിക്ക് കാരണമായ ഈഡിസ് കൊതുക് മുട്ടയിട്ടു വളരുന്നത് ശുദ്ധജലത്തിലാണ്. വീടുകൾക്കുള്ളിൽ അലങ്കാര ചെടികൾ വളർത്തുന്ന പാത്രങ്ങൾ,വീടിനു പുറത്ത് അലക്ഷ്യമായി നിക്ഷേപിച്ചിരിക്കുന്ന കുപ്പികൾ,റബ്ബർ തോട്ടങ്ങളിലെ ചിരട്ടകൾ, പൈനാപ്പിൾ തോട്ടങ്ങൾ,ആക്രി കടകൾ, ഉപയോഗശൂന്യമായ ടയറുകൾ,കുടിവെള്ളം സൂക്ഷിക്കുന്ന പാത്രങ്ങൾ,കൊക്കോ, ജാതിക്ക തൊണ്ടുകൾ, തുടങ്ങിയവയിലാണ് കൊതുകു വളരുന്നതായി കണ്ടുവരുന്നത്.ഡെങ്കിപ്പനി ബാധിച്ചവർ കൊതുകു വലക്കുള്ളിൽള്ളിൽ കഴിയേണ്ടതാണ്കൊതുകു കടിക്കാതിരിക്കാൻ ദേഹം മുഴുവനും മൂടുന്ന വിധത്തിലുള്ള വസ്ത്രങ്ങൾ ധരിക്കുവാനും കൊതുകിനെ അകറ്റാനുള്ള ലേപനങ്ങളും പുരട്ടേണ്ടതാണ്.പനി, ജലദോഷം,ചുമ തലവേദന, പേശിവേദന സന്ധിവേദന തൊണ്ടവേദന,എന്നിവ ഡെങ്കിപ്പനി, എലിപ്പനി, എച്ച്1 എൻ 1 തുടങ്ങിയ രോഗങ്ങളുടെയും എച്ച്1 എൻ 1 ലക്ഷണങ്ങളായതിനാൽ ഇത്തരം രോഗലക്ഷണങ്ങൾ കണ്ടാൽ ഡോക്ടറെ കണ്ട് ചികിത്സ തേടേണ്ടതാണ്. എച്ച്1 എൻ 1, എലിപ്പനി പ്രതിരോധ മരുന്നുകൾ ആരോഗ്യ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്നതാണ്.ജില്ലയിൽ ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തി.ആവശ്യമായ പ്രതിരോധ സാധന സാമഗ്രികളുടെയും മരുന്നിന്റെയും ലഭ്യത ഉറപ്പാക്കിസ്വകാര്യ ആശുപത്രികൾ ലബോറട്ടറികൾ തുടങ്ങിയവക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്.ജില്ലയിൽ പകർച്ചവ്യാധികൾ കൂടുതൽ റിപ്പോർട്ട് ചെയ്തപഞ്ചായത്തുകളിലെ സെക്രട്ടറിമാരുടെ യോഗം ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ വിളിച്ച് ആവശ്യമായ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് നിർദ്ദേശം നൽകി

# 'ഒരു ഭാരത സർക്കാർ ഉത്പന്നം' ടൈറ്റിൽ പോസ്റ്റർ റിലീസായി




**കൊച്ചി:** 'ക്ലാസ്സ്മേറ്റ്സ് 'എന്ന ചിത്രത്തിലൂടെ മലയാള സിനിമയിലെത്തി ഏറേ ശ്രദ്ധേയനായ സുബീഷ് സുധി നായകനാവുന്നു.

സുബീഷ് സുധി,ഷെല്ലി എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി നിസാം റാവുത്തർ,ടി വി രഞ്ജിത്ത് എന്നിവർ ചേർന്ന് സംവിധാനം ചെയ്യുന്ന 'ഒരു ഭാരത സർക്കാർ ഉത്പന്നം' എന്ന ചിത്രത്തിന്റെ ടൈറ്റിൽ പോസ്റ്റർ റിലീസായി.അജു വർഗീസ്,ഗൗരി ജി കിഷൻ,ദർശന എസ് നായർ,ലാൽ ജോസ്, വിനീത് വാസുദേവൻ,ജാഫർ ഇടുക്കി,ഗോകുൽ, എന്നിവരാണ് മറ്റു താരങ്ങൾ.ഭവാനി പ്രൊഡക്ഷൻസിന്റെ ബാനറിൽ രഞ്ജിത്ത് ജഗനാഥൻ,ടി വി കൃഷ്ണൻ തുരുത്തി,കെ സി രഘുനാഥ് എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം അൻസർ ഷാനിർവ്വഹിക്കുന്നു.നിസാം റാവുത്തർതിരക്കഥ,സംഭാഷണമെഴുതുന്നു.സംഗീതംഅജ്മൽ ഹസ്ബുള്ള,എക്സിക്യൂട്ടീവ് പ്രൊഡ്യൂസർനാഗരാജ്, പ്രൊഡക്ഷൻ കൺട്രോളർ ദീപക് പരമേശ്വരൻകലഷാജി മുകുന്ദ്, മേക്കപ്പ്റോണക്സ് സേവ്യർ,വസ്ത്രാലങ്കാരംസമീറ സനീഷ്,സ്റ്റിൽസ്അജി മസ്ക്കറ്റ്,പരസ്യക്കലയെല്ലൊ ടൂത്ത്സ്,എഡിറ്റർജിതിൻ ഡി കെ,ക്രിയേറ്റീവ് ഡയറക്ടർരഘുരാമവർമ്മ, ചീഫ്അസോസിയേറ്റ് ഡയറക്ടർഎം എസ് നിതിൻ, അസോസിയേറ്റ് ഡയറക്ടർഅരുൺ പി എസ്, അസിസ്റ്റന്റ് ഡയറക്ടർശ്യാം,അരുൺ,അഖിൽ, സൗണ്ട് ഡിസൈൻരാമഭദ്രൻ ബി,ഫിനാൻസ് കൺട്രോളർവിജീഷ് രവി, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്വിനോദ് വേണുഗോപാൽ, പ്രൊഡക്ഷൻ മാനേജർവിവേക്,പി ആർ ഒഎ എസ് ദിനേശ്.

# 'പതിമൂന്നാം രാത്രി' ടീസർ




**കൊച്ചി:** ഷൈൻ ടോം ചാക്കോ, വിഷ്ണു ഉണ്ണികൃഷ്ണൻ, മാളവിക മേനോൻ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി മനീഷ് ബാബു സംവിധാനം ചെയ്യുന്ന 'പതിമൂന്നാം രാത്രി' എന്ന ചിത്രത്തിന്റെ ഒഫീഷ്യൽ ടീസർ റിലീസായി.ദീപക് പറമ്പോൾ, വിജയ് ബാബു, സോഹൻ സീനു ലാൽ,സാജൻ പള്ളുരുത്തി, അനിൽ പെരുമ്പളം, രമേശ് കോട്ടയം, ഹരിപ്രസാദ്, ഡെയിൻ ഡേവിസ്, അസിം ജമാൽ,ഡിസ്നി ജെയിംസ്, രജിത് കുമാർ,അർച്ചന കവി, മീനാക്ഷി രവീന്ദ്രൻ,സ്മിനു സിജോ, സോനാ നായർ, ആര്യ, യൂട്യൂബർ ഇച്ചാപ്പി ഫെയിം ശ്രീലക്ഷ്മി എന്നിവരാണ് മറ്റു പ്രമുഖ താരങ്ങൾ.

ഡി ടു കെ ഫിലിംസിന്റെ ബാനറിൽ മേരി മൈഷ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ആർ എസ് ആനന്ദ് കുമാർ നിർവ്വഹിക്കുന്നു. ദിനേശ് നീലകണ്ഠൻ തിരക്കഥ സംഭാഷണമെഴുതുന്നു. ഗാനരചനയും സംഗീത സംവിധാനവും രാജൂ ജോർജ്ജ് നിർവ്വഹിക്കുന്നു.എഡിറ്റർവിജയ് വേലുക്കുട്ടി.പ്രൊഡക്ഷൻ കൺട്രോളർഅനീഷ് പെരുമ്പിലാവ്, പ്രൊജക്ട് കോ ഓർഡിനേറ്റർ എ ആർ കണ്ണൻ, കലസന്തോഷ് രാമൻ, മേക്കപ്പ്മനു മോഹൻ, കോസ്റ്റ്യൂംസ്അരവിന്ദ് കെ.ആർ,സ്റ്റിൽസ് ഇകൂട്സ് രഘു, ഡിസൈനൻഅറ്റ്ലർ പാപ്പവെറോസ്, ഫിനാൻസ് കൺട്രോളർ അനിൽ ആമ്പല്ലൂർ,ചീഫ് അസ്സോസിയേറ്റ് ഡയറക്ടർഎം വി ജിജേഷ്,അസ്സോസിയേറ്റ് ഡയറക്ടർഡസ്റ്റിൻ, അസിസ്റ്റന്റ് ഡയറക്ടർ ശ്രീജു ശ്രീധർ, രാജീവ്, അരുന്ധതി, ദേവീദാസ്,ആക്ഷൻമാഫിയ ശശി, നൃത്തം റിഷ്ദാൻ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് അഭിലാഷ് പൈങ്ങോട്, പ്രൊഡക്ഷൻ മാനേജർ ജസ്റ്റിൻ കൊല്ലം,പി ആർ ഒഎ എസ് ദിനേശ്.

# സീമാറ്റ്സ് എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് എൻബിഎ അക്രഡിറ്റേഷൻ

**കൊച്ചി:** ചെന്നൈയിലെ പ്രശസ്തമായ സവീത സർവകലാശാലയുടെ എഞ്ചിനീയറിംഗ് സ്ഥാപനമായ സീമാറ്റ്സ് എഞ്ചിനീയറിങ് കോളജിലെ കമ്പ്യൂട്ടർ സയൻസ് കോഴ്സുകൾക്ക് നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷന്റെ (എൻബിഎ) അംഗീകാരം ലഭിച്ചതായി സവീത സർവകലാശാലയുടെ ചാൻസലർ ഡോ. എൻ എം വീരയ്യൻ പറഞ്ഞു. കമ്പ്യൂട്ടർ സയൻസ് ആൻറ് എഞ്ചിനീയറിംഗ് (സിഎസ്ഇ), ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് (ഇസിഇ) എന്നീ കോഴ്സുകൾക്കാണ് അക്രഡിറ്റേഷൻ ലഭിച്ചത്. ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യുക്കേഷന്റെ (എഐസിടിഇ) കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ എൻബിഎയുടെ അക്രഡിറ്റേഷനുള്ള സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് മികച്ച ജോലി സാധ്യതയാണുള്ളത്. പാഠ്യപദ്ധതി, ഫാക്കൽറ്റികളുടെ മികവ്, കോളേജിലെ അടിസ്ഥാന സൗകര്യങ്ങൾ, വിദ്യാർത്ഥികൾക്ക് നൽകുന്ന സേവനങ്ങൾ എന്നിവയുടെ മികവിലാണ് സിമാറ്റ്സ് എഞ്ചിനീയറിംഗ് കോളജ് അക്രഡിറ്റേഷൻ കരസ്ഥമാക്കിയത്. മൂന്ന് വർഷത്തേക്കാണ് അക്രഡിറ്റേഷൻ. ഇതുവഴി സ്ഥാപനത്തിന് കൂടുതൽ ഫണ്ടുകൾ നേടിയെടുക്കാൻ സാധിക്കും. കൂടാതെ, വിദ്യാഭ്യാസ രംഗത്ത് മികച്ച സഹകരണം ഉറപ്പുവരുത്താനും കഴിയും.സീമാറ്റ്സ് എഞ്ചിനീയറിംഗ് കോളജിന് എൻബിഎ അക്രഡിറ്റേഷൻ കരസ്ഥമാക്കാൻ കഴിഞ്ഞത് സുപ്രധാനമായ നേട്ടമാണെന്നും ഡോ. എൻ എം വീരയ്യൻ പറഞ്ഞു.

# അപർണ എന്റർപ്രൈസസ് ബി2സി ബിസിനസിലേക്ക്

**കൊച്ചി:** കെട്ടിട നിർമാണ സാമഗ്രികളുടെ രംഗത്ത് പ്രമുഖരായ അപർണ എന്റർപ്രൈസസ് ലിമിറ്റഡ് ഉപഭോക്താക്കളുമായുള്ള ബിസിനസ് വിപുലമാക്കുന്നു. ചെന്നൈയിൽ കമ്പനിയുടെ ഉടമസ്ഥതയിൽ ആദ്യ ഔട്ട്ലെറ്റ് തുറന്നുകൊണ്ടാണ് തുടക്കം. ഈ സാമ്പത്തിക വർഷം 10 കോടി നിക്ഷേപവുമായി അഞ്ച് സംസ്ഥാനങ്ങളിലായി 20 സ്റ്റോറുകൾ കൂടി തുറക്കുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.ടൈലുകൾ, യുപിവിസി, അലൂമിനിയം ഡോറുകൾ, ജനാലകൾ തുടങ്ങിയ ഉൽപ്പന്നങ്ങളുടെ വിപുലമായ ശ്രേണി കമ്പനിയുടെ സ്റ്റോറുകളിൽ ഡിസ്പ്ലേ ഉണ്ടാകും. കൂടുതൽ ഉപഭോക്താക്കളിലേക്ക് എത്തുന്നതിൻറെ ഭാഗമായി കമ്പനി ഫ്രാഞ്ചൈസി മോഡലുകളും തേർഡ് പാർട്ടി ബി2സി ഔട്ട്ലെറ്റുകളും ആരംഭിക്കും. കൊച്ചി, മുംബൈ, പൂനെ , ഡൽഹി, ജയ്പൂർ, ഒറീസ, കൊൽക്കത്ത തുടങ്ങിയ വിപണികളിലാണ് കമ്പനി കൂടുതൽ ശ്രദ്ധ നൽകുന്നത്. ഗോദ്രെജ്, പ്രസ്റ്റീജ്, മഹീന്ദ്ര ലൈഫ് സ്പേസ്, എൽ ആൻഡ് ടി കൺസ്ട്രക്ഷൻ, ഷപൂർജി ആൻഡ് പല്ലോൻജി, ബ്രിഗേഡ്, മൈ ഹോം, എൻസിസി തുടങ്ങിയ വൻകിട റിയൽ എസ്റ്റേറ്റ് സ്ഥാപനങ്ങൾക്ക് അപർണ എൻറർപ്രൈസസ് ടൈലുകളും ജനലുകളും ഡോറുകളും വിതരണം ചെയ്യുന്നുണ്ട്. ഈ വിജയമാണ് കമ്പനിയെ ബി2സി ബിസിനസിലേക്ക് ചുവടുവയ്ക്കാൻ പ്രേരിപ്പിച്ചതെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# മഹീന്ദ്ര ലോജിസ്റ്റിക്സിന്റെ 'ദേശ് ചാലക്'

**കൊച്ചി:** മഹീന്ദ്ര ലോജിസ്റ്റിക്സ് ലിമിറ്റഡ് (എംഎൽഎൽ), രാജ്യമെമ്പാടുമുള്ള ഡ്രൈവർമാർക്ക് ആദരവുമായി 'ദേശ് ചാലക്' എന്ന പേരിൽ പുസ്തകം പുറത്തിറക്കി. കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി പ്രകാശനം നിർവഹിച്ചു. ഇന്ത്യയുടെ സമ്പദ്വ്യവസ്ഥയിലെ ഡ്രൈവർമാരുടെ വിലമതിക്കാനാവാത്ത സംഭാവനകൾ തിരിച്ചറിയുന്നതിനൊപ്പം, അവരെ ശാക്തീകരിക്കുന്നതിൻറെ ഭാഗമായാണ് മഹീന്ദ്ര ലോജിസ്റ്റിക്സ് ലിമിറ്റഡ് പുസ്തകം പുറത്തിറക്കിയത്.ഡ്രൈവർമാർ ഇന്ത്യക്കായി നൽകിയ സംഭാവനകളെക്കുറിച്ച് കൂടുതൽ ആളുകളെ ബോധവാന്മാരാക്കുന്നതിനുള്ള ശരിയായ ദിശയിലേക്കുള്ള ഒരു ചുവടുവയ്പ്പാണ് ദേശ് ചാലക് എന്ന്കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി  പറഞ്ഞു.തങ്ങളുടെ പ്രവർത്തനങ്ങളുടെ നട്ടെല്ല് മാത്രമല്ല, മുഴുവൻ ലോജിസ്റ്റിക് വ്യവസായത്തിന്റെയും പ്രേരകശക്തിയാണ് ഡ്രൈവർമാരെന്ന് തങ്ങൾ ഉറച്ചു വിശ്വസിക്കുന്നുവെന്ന് മഹീന്ദ്ര ലോജിസ്റ്റിക്സ് മാനേജിങ് ഡയറക്ടറും സിഇഒയുമായ രാംപ്രവീൺ സ്വാമിനാഥൻ പറഞ്ഞു. സുരക്ഷക്ക് മുൻഗണന നൽകുന്നതിനായി പ്രധാനമന്ത്രി കൗശൽ വികാസ് യോജനയ്ക്ക് (പിഎംവികെവൈ) കീഴിൽ മഹീന്ദ്ര ലോജിസ്റ്റിക്സ് പ്രത്യേക പരിശീലന പരിപാടി ആരംഭിച്ചിരുന്നു. ഇതിനകം 20,000ത്തിലധികം ഡ്രൈവർമാർ രാജ്യവ്യാപകമായി പദ്ധതിക്ക് കീഴിൽ പരിശീലനം നേടിയിട്ടുണ്ട്. ഡ്രൈവർമാരുടെ ജോലി സാഹചര്യങ്ങൾ മെച്ചപ്പെടുത്താനും അവരെ പിന്തുണയ്ക്കാനും സമഗ്ര ഡ്രൈവർ വെൽഫെയർ പ്രോഗ്രാമായ സമന്തറും എംഎൽഎൽ നടപ്പാക്കുന്നുണ്ട്. ആരോഗ്യ പരിശോധനകൾ, ഇൻഷുറൻസ് സ്കീമുകൾ, വിവിധ നഗരങ്ങളിൽ ഡ്രൈവേഴ്സ് ദിനാഘോഷം, ഡ്രൈവർമാരുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പുകൾ എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കും മഹീന്ദ്ര ലോജിസ്റ്റിക്സ് ലിമിറ്റഡ് നേതൃത്വം നൽകുന്നു.

# ഈറോഡ് ടെക്സ് വാലിയിയിൽ 'ടാഗ് എക്സ്പോ ' ജൂലൈ 24 മുതൽ 26 വരെ




ഈറോഡിലെ ടെക്സ് വാലി യിൽ നടക്കുന്ന 'ടാഗ് എക്സ്പോ' എക്സോയുമായി ബന്ധപ്പെട്ട വാർത്താ സമ്മേളനത്തിൽ ടെക്സ് വാലി എക്സിക്യൂട്ടീവ് ഡയറക്ടർ ഡി പി കുമാർ സംസാരിക്കുന്നു. കേരള ടെക്സ്റ്റൈൽസ് ആന്റ് ഗാർമെന്റ്സ് അസ്സോസിയേഷൻ സംസ്ഥാന സെക്രട്ടറി നവാബ് ജാൻ,ജില്ലാ പ്രസിഡന്റ് കെ ഡി ജോൺസൺ സമീപം

**കൊച്ചി:** കേന്ദ്രസർക്കാരിന്റെയും തമിഴ്നാട് സർക്കാരിന്റെയും ടെക്സ്റ്റൈൽ മന്ത്രാലയങ്ങളുടെ പിന്തുണയോടെ പ്രവർത്തിക്കുന്ന ഈറോഡിലെ ടെക്സ് വാലി യിൽ ടെക്സ്റ്റൈൽസ്,അക്സസ്സറികൾ,വസ്ത്രങ്ങൾ എന്നിവയുടെ പ്രദർശനം 'ടാഗ് എക്സ്പോ' ജൂലൈ 24,25,26 തിയ്യതികളിൽ നടക്കുമെന്ന് സംഘാടകർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ഇന്ത്യയിൽ ടെക്സ്റ്റൈൽസ്,അപ്പാരൽസ്,അക്സസ്സറീസ്,ഗാർമെന്റ്സ് അനുബന്ധമേഖലകൾക്ക് വേണ്ടിയുള്ള രാജ്യത്തെ ആദ്യത്തെ ബിടുബി,ബിടുസി ഹബ്ബാണ് ടെക്സ് വാലി, കാരൂർ,തിരുപ്പൂർ,ഈറോഡ് മേഖലയിലെ വസ്ത്രവ്യാപാരവുമായി ബന്ധപ്പെട്ട പ്രാധാന്യം ഉപയോഗപ്പെടുത്തുന്നതിനും മഹാരാഷ്ട്ര, കൽക്കട്ട എന്നിവടങ്ങളിൽ നിന്നുള്ള വസ്ത്രനിർമ്മാതാക്കൾക്ക്  ദീപാവലി അടക്കമുള്ള സീസണൽ ആഘോഷങ്ങൾക്ക് തെക്കേ ഇന്ത്യയിൽ നിന്നുള്ള  ചില്ലറ,മൊത്ത വ്യാപാരം ലക്ഷ്യമിട്ടും പ്രാദേശിക ഉൽപ്പന്നങ്ങളെ ദേശീയ,അന്തർദ്ദേശിയ വ്യാപാരികൾക്കും ഉപഭോക്താക്കൾക്കും പരിചയപ്പെടുത്തുന്നതിനുമാണ് ടാഗ് എക്സ്പോ സംഘടിപ്പിക്കുന്നത്. നാനൂറിലധം നിർമ്മാതാക്കൾ തങ്ങളുടെ അതിനൂതന വസ്ത്രങ്ങളുടെ ശ്രേണി എക്സ്പോയിൽ അവതരിപ്പിക്കും. ടിൻബേർഡ്സ്, ഉദയം, എംസിആർ, കെജി ഡെനിം, കെകെബി, ലേഡി ഒ, സിവ, ജാൻസൺസ്, ഫാൽകൺബെഡ്, ജെവി വെയേഴ്സ്, പ്രസ്റ്റാ, ഹായ്, ഫൈവിപി, ഫാസോ,്ക്രൂസോ, ഗോലിനൻ, മെട്രോ, ഹരിരാജ്, ലവ്ഡ് വൺസ് അടക്കമുള്ള നിർമ്മാതാക്കൾ പ്രദർശനത്തിനുണ്ടാകും.  ഫാസോ,സ്വാസ്,ആദിത്യ ബിർള തുടങ്ങിയ കമ്പനികളുടെ ഫാഷൻ ഷോ മേളയുടെ മുഖ്യ ആകർഷണമായിരിക്കും. പ്രമുഖ ഫാഷൻ കൊറിയോഗ്രാഫർ രാജേഷ് ഷെട്ടിയുടെ നേതൃത്വത്തിലായിരിക്കും ഫാഷൻ ഷോ അരങ്ങേറുക. ടെക്സ്റ്റൈൽ, ഗാർമെന്റ് വ്യവസായത്തിന്റെ ഭാവി വളർച്ചയെയും അവസരങ്ങളെയും കുറിച്ച് ചർച്ച ചെയ്യുന്നതിന് പ്രത്യേകമായി ദ്വിദിന സമ്മേളനവും പ്രദർശനത്തിന്റെ ഭാഗമായി ഉണ്ടാകും. നിർമ്മാതാക്കൾ, നെയ്ത്തുകാർ, ഉപഭോക്താക്കൾ എന്നിവരെ ബന്ധിപ്പിക്കുന്ന ഇടനിലക്കാരാകുന്നതിലും അതിലൂടെ  സാമ്പത്തിക മേഖല ശക്തിപ്പെടുത്തിയും മേഖലയിലെ ഉൽപ്പന്നങ്ങൾ ടെക്സ്റ്റൈൽ വ്യവസായത്തിൽ പ്രോൽസാഹിപ്പിക്കുന്നതിൽ ടെക്സ് വാലിയ്ക്ക് സന്തോഷമുണ്ടെന്ന് ടെക്സ് വാലി വൈസ് ചെയർമാൻ  ദേവരാജൻ പറഞ്ഞു. രാജ്യത്തെ മുഴുവൻ ഉപഭോക്താക്കളും  ടാഗ് എക്സ്പോയെ അവരുടെ ചരക്ക് എടുക്കുന്നതിനുള്ള പ്രധാന വേദിയായി പരിഗണിക്കുമെന്നാണ് തങ്ങൾ പ്രതീക്ഷിക്കുന്നതെന്ന് ടെക്സ് വാലി ഡയറക്ടർ കുമാർ പെരിയ സ്വാമി പറഞ്ഞു. ഈറോഡിലെയും സമീപ പ്രദേശങ്ങളിലെയും ഉൽപ്പന്നങ്ങളെ പ്രോൽസാഹിപ്പിക്കാനും തങ്ങൾ ആഗ്രഹിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. ടെക്സ് വാലിയിലെ 300 ലധികം നിലവിലെ നിർമ്മാതാക്കൾക്കൊപ്പം 150 ലധികം പുതിയ നിർമ്മാതാക്കളും  ടാഗ് എക്സ്പോയിൽ പങ്കെടുക്കുകയും  വരുന്ന ഉൽസവ സീസണിലേക്കുള്ള അവരുടെ ഏറ്റവും പുതിയ ശേഖരം പ്രദർശിപ്പിക്കുകയും ചെയ്യുമെന്ന് ടെക്സ് വാലി  മാനേജിംഗ് ഡയറക്ടർ പി രാജശേഖർ പറഞ്ഞു.മൂന്നു ദിവസത്തെ മേളയിലൂടെ  മേഖലയിലെ വിവിധ നിർമ്മാതാക്കൾക്കും വ്യാപാരികൾക്കുമായി 300 കോടിയിലധികം രൂപയുടെ ബിസിനസ് നടത്താനാണ് എക്സ്പോ ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു.  സി ഐ ഐ, റീട്ടെയ്ലേഴ്സ് അസ്സോസിയേഷൻ ഓഫ് ഇന്ത്യ,ടീ,മാഡിറ്റ്സ്യ,ഗാർമെന്റ്സ്ഹോൾസെയിൽ അസ്സോസിയേഷൻ,ഇസിഎംഎ,എഎം ഐ,എസ് ഐ എച്ച് എം എ, കെഇഎ, സിഎഎ, ജിഎംഡബ്ല്യുഎഎസ് ഐജിഎ, പിജിഇഎകസ്സി ഐ എൽ, എച്ച്ഇപിസി, ടിഇഎംഎ, ടിഎൻഎഫ്എംഎ,  ടി ഐ ഡി ജി എം എ എന്നീ വ്യാപാര  സംഘടനകളുടെ പിന്തുണയും പ്രദർശനത്തിനുണ്ട്. ടെക്സ് വാലി എക്സിക്യൂട്ടീവ് ഡയറക്ടർ ഡി പി കുമാർ ,കേരള ടെക്സ്റ്റൈൽസ് ആന്റ് ഗാർമെന്റ്സ് അസ്സോസിയേഷൻ സംസ്ഥാന സെക്രട്ടറി നവാബ് ജാൻ, ജില്ലാ പ്രസിഡന്റ് കെ ഡി ജോൺസൺ എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# കൊക്കോ ക്രഞ്ച് മില്ലറ്റ്ജോവറും മഞ്ച് ബ്രേക്ക്ഫാസ്റ്റ് സിരീലും അവതരിപ്പിച്ച് നെസ്‌ലെ

**കൊച്ചി:** രണ്ട് പുതിയ ഉൽപ്പന്നങ്ങൾകൂടി അവതരിപ്പിച്ച്  നെസ്‌ലെ ഇന്ത്യ. കൊക്കോ ക്രഞ്ച് മില്ലറ്റ്ജോവറും മഞ്ച് ബ്രേക്ക്ഫാസ്റ്റ് സിറീലുമാണ് കമ്പനി പുതിയതായി വിപണിയിലെത്തിക്കുന്നത്. വിവിധ പ്രഭാതഭക്ഷണ വിഭവങ്ങളുടെ ഒരു ശ്രേണിയാണ് ഇതിലൂടെ വാഗ്ദാനം ചെയ്യുന്നതെന്ന് നെസ്‌ലെ ഇന്ത്യ ബ്രേക്ക്ഫാസ്റ്റ് സിറീൽ ഹെഡ്, ഗോപിചന്ദാർ ജഗദീശൻ പറഞ്ഞു. മില്ലറ്റുകളുടെ രാജാവ്‘ എന്നറിയപ്പെടുന്ന ജോവർ പോലുള്ള പ്രാദേശിക ധാന്യങ്ങൾ അരിയും ഗോതമ്പും പോലുള്ള നിലവിലുള്ള ചേരുവകൾക്കൊപ്പം അവതരിപ്പിക്കുന്ന കൊക്കോ ക്രഞ്ച് മില്ലറ്റ്ജോവർ  പ്രഭാതഭക്ഷണ ധാന്യങ്ങളുടെ നവീകരണത്തിന്റെ ദിശയിലേക്കുള്ള ഒരു ചുവടുവെപ്പാണ്. മുഴുവൻ ഗോതമ്പ് പൊടിച്ചത്, അരി, ചോളം എന്നിവ ഉപയോഗിച്ച് നിർമ്മിച്ചിരിക്കുന്നതാണ് മഞ്ച് സിറീൽ

'പ്രഭാതഭക്ഷണം ദിവസം തുടങ്ങാനുള്ള ഒരു ആഹാരരീതിയാണ്. തങ്ങളുടെ ഉപഭോക്താക്കൾക്ക് കൂടുതൽ വൈവിധ്യങ്ങൾ നൽകുന്നതിനായി, കൊക്കോ ക്രഞ്ച് മില്ലറ്റ്ജോവർ, മഞ്ച് ബ്രേക്ക്ഫാസ്റ്റ് ധാന്യങ്ങൾ




എന്നിവ ഉൾപ്പെടുത്തുന്നതിനായി തങ്ങളുടെ പോർട്ട്ഫോളിയോ വിപുലീകരിച്ചുവെന്നും  ഗോപിചന്ദാർ ജഗദീശൻ പറഞ്ഞു.2018ലാണ് നെസ്‌ലെ ബ്രേക്ക്ഫാസ്റ്റ് സിറീൽ ഇന്ത്യയിൽ അവതരിപ്പിച്ചത്. ഇത് ഇന്ത്യൻ കുടുംബങ്ങൾക്ക് വ്യത്യസ്തമായ പ്രഭാതഭക്ഷണ ചോയ്സുകൾ വാഗ്ദാനം ചെയ്യുന്നുവെന്നും അദ്ദേഹം പറഞ്ഞു.

# 'ദ സൗണ്ട് ഓഫ് മ്യൂസിക്' കുട്ടികൾക്കും മുതിർന്ന പൗരന്മാർക്കും പ്രത്യേക പ്രദർശനം സമർപ്പിച്ച് നിത അംബാനി



**കൊച്ചി/മുംബൈ:** ചിരിയുടെയും ആത്മബന്ധത്തിന്റെയും നിമിഷങ്ങൾ സമ്മാനിച്ച്, നിരാലംബരായ കുട്ടികൾക്കും മുതിർന്ന പൗരന്മാർക്കും 'ദ സൗണ്ട് ഓഫ് മ്യൂസിക്' മ്യൂസിക്കൽ ഷോയുടെ പ്രത്യേക പ്രദർശനം സമർപ്പിച്ച് നിത അംബാനി. നിത മുകേഷ് അംബാനി കൾച്ചറൽ സെന്ററിൽ നടത്തിയ പ്രത്യേക പ്രദർശനത്തിൽ റിലയൻസ് ഫൗണ്ടേഷന്റെ പിന്തുണയുള്ള 18 എൻജിഒകളിൽ നിന്നായി 3400 കുട്ടികളും മുതിർന്ന പൗരന്മാരും പങ്കെടുത്തു.വാരാന്ത്യത്തിൽ നടന്ന രണ്ട് പ്രത്യേക ഷോകളിൽ, ഭിന്നശേഷിയുള്ള കുട്ടികൾ ഉൾപ്പെടെ, മുംബൈയിലെ വിവിധ സ്ഥലങ്ങളിൽ നിന്നുള്ളവരാണ് പങ്കെടുത്തത്. റിലയൻസ് ഫൗണ്ടേഷന്റെ എജ്യുക്കേഷൻ ആൻഡ് സ്പോർട്സ് ഫോർ ഓൾ പദ്ധതിയുടെ ഭാഗമായാണ് പ്രത്യേക ഷോ നടത്തിയത്.സൗണ്ട് ഓഫ് മ്യൂസിക്കിന് ലഭിച്ച മികച്ച പ്രതികരണം, ഇന്ത്യയിലെയും ലോകത്തെയും ഏറ്റവും മികച്ചത് പ്രദർശിപ്പിക്കുക എന്ന എൻഎംഎസിസിയുടെ കാഴ്ചപ്പാട് വീണ്ടും ഉറപ്പിക്കുന്നുവെന്ന് നിത അംബാനി പറഞ്ഞു.രാജ്യത്തുടനീളമുള്ള കുടുംബങ്ങൾ ഒത്തുചേർന്ന് ഈ മാന്ത്രിക അനുഭവം ആസ്വദിക്കുന്നത് ശരിക്കും ഹൃദയസ്പർശിയാണ്. ഈ മികച്ച മ്യൂസിക്കലിന്റെ ഇന്ത്യയിലെ പ്രദർശനം പൂർത്തിയാകുമ്പോൾ അത് 3,400 നിരാലംബരായ കുട്ടികൾക്കും മുതിർന്ന പൗരന്മാർക്കുമായി സമർപ്പിക്കുന്നതിനേക്കാൾ സന്തോഷം മറ്റൊന്നുമില്ല. കല എല്ലാവർക്കും പ്രാപ്യമാവേണ്ട ഒന്നാണെന്നും നിത അംബാനി പറഞ്ഞു.മെയ് മാസത്തിലാണ് 'ദ സൗണ്ട് ഓഫ് മ്യൂസിക്' ദ ഗ്രാൻഡ് തിയേറ്ററിൽ ഇന്ത്യയിൽ അരങ്ങേറ്റം കുറിച്ചത്. എട്ട് ആഴ്ചത്തെ പ്രദർശനത്തോടെ ഏഷ്യയിലെ എക്കാലത്തെയും ദൈർഘ്യമേറിയ പ്രദർശനം എന്ന നേട്ടവും ലഭിച്ചു.എൻജിഒകളുമായി സഹകരിച്ചുള്ള ഈ പ്രത്യേക ഷോകൾ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള റിലയൻസ് ഫൗണ്ടേഷന്റെ തുടർച്ചയായ ശ്രമങ്ങളിലേക്കുള്ള മറ്റൊരു ചുവടുവയ്പ്പാണ്. ഇഎസ്എ പ്രോഗ്രാമിലൂടെ, റിലയൻസ് ഫൗണ്ടേഷൻ വർഷങ്ങളായി വിവിധ വിദ്യാഭ്യാസ, കായിക സംരംഭങ്ങളിലൂടെ കുട്ടികളുടെ സ്വപ്നങ്ങൾക്ക് പിന്തുണ നൽകി വരുന്നു.2010 മുതൽ, റിലയൻസ് ഫൗണ്ടേഷന്റെ എജ്യുക്കേഷൻ ആൻഡ് സ്പോർട്സ് ഫോർ ഓൾ (ഇഎസ്എ) പ്രോഗ്രാം കുട്ടികളുടെ സമഗ്രവും സമഗ്രവുമായ വികസനത്തിനും അവരുടെ കഴിവുകൾ വളർത്തിയെടുക്കുന്നതിനും അവരുടെ സ്വപ്നങ്ങൾ നേടിയെടുക്കുന്നതിനും വേണ്ടി സുസ്ഥിരമായ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. ഇഎസ്എ പ്രോഗ്രാമിന്റെ ഭാഗമായി, ഓരോ വർഷവും, റിലയൻസ് ഫൗണ്ടേഷൻ ആയിരക്കണക്കിന് നിരാലംബരായ കുട്ടികൾക്ക് ഐപിഎൽ മത്സരം കാണുന്നതുൾപ്പെടെ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

# എഎആർസിസി മൂന്നാം റൗണ്ട്: ആദ്യ പത്തിൽ ഫിനിഷ് ചെയ്ത് ഹോണ്ട ടീം

**കൊച്ചി:** ജപ്പാനിലെ സ്പോർട്സ് ലാൻഡ് സുഗോ ഇന്റർനാഷണൽ സർക്യൂട്ടിൽ സമാപിച്ച 2023 എഫ്ഐഎം ഏഷ്യാ റോഡ് റേസിങ് ചാമ്പ്യൻഷിപ്പിന്റെ (എആർആർസി) മൂന്നാം റൗണ്ടിൽ ആദ്യ പത്തിൽ ഫിനിഷ് ചെയ്ത ഐഡിമിത്സു ഹോണ്ട റേസിങ് ഇന്ത്യ ടീം. ഇന്ത്യയെ പ്രതിനിധീകരിക്കുന്ന ടീമിലെ ഏക റൈഡറായ കാവിൻ സമർ ക്വിന്റൽ ആണ് ഞായറാഴ്ച നടന്ന രണ്ടാം റേസിൽ കടുത്ത വെല്ലുവിളികൾ മറികടന്ന് എട്ടാം സ്ഥാനത്ത് ഫിനിഷ് ചെയ്തത്. ഹോണ്ട ടീമിനായി നിർണായകമായ എട്ട് പോയിന്റുകളും കാവിൻ സ്വന്തമാക്കി.ഏഷ്യൻ പ്രൊഡക്ഷൻ 250സിസി വിഭാഗത്തിൽ 18ാം സ്ഥാനത്ത് മത്സരം തുടങ്ങിയ കാവിൻ, ആദ്യ ലാപ്പുകൾക്ക് ശേഷം 11ാം സ്ഥാനത്തേക്ക് കയറി. വീണ്ടും കുതിപ്പ് നടത്തിയ താരം 20'24.717 ആകെ ലാപ് സമയത്തിൽ എട്ടാം സ്ഥാനത്ത് ഫിനിഷ് ചെയ്യുകയായിരുന്നു. എട്ട് പോയിന്റുകൾ കൂടി നേടിയതോടെ ഐഡിമിത്സു ഹോണ്ട റേസിങ് ഇന്ത്യ ടീം ചാമ്പ്യൻഷിപ്പിലെ ഓവറോൾ പൊസിഷനിലും തങ്ങളുടെ സ്ഥാനം നിലനിർത്തി. മൂന്ന് റൗണ്ട് പൂർത്തിയായപ്പോൾ 19 പോയിന്റുകളാണ് ടീമിനുള്ളത്. 2023 ഓഗസ്റ്റ് 11 മുതൽ 13 വരെ ഇന്തോനേഷ്യയിലാണ് 2023 എഫ്ഐഎം ഏഷ്യ റോഡ് റേസിങ് ചാമ്പ്യൻഷിപ്പിന്റെ നാലാം റൗണ്ട് മത്സരങ്ങൾ.ഇന്നത്തെ പ്രകടനത്തിൽ സംതൃപ്തനാണെന്നും, ഹോണ്ടയുടെ വിലമതിക്കാനാകാത്ത മാർഗനിർദേശത്തിനും പരിശീലനത്തിനും നന്ദി പറയുന്നതായും കാവിൻ ക്വിന്റൽ മത്സരത്തിന് ശേഷം പ്രതികരിച്ചു. എല്ലാ വെല്ലുവിളികളെയും അതിജീവിച്ച് ടോപ് ടെൻ ഫിനിഷിലൂടെ ടീമിന് അഭിമാനമായ കാവിൻ, തന്റെ മികച്ച പ്രകടനങ്ങളിലൊന്നാണ് ഇന്ന് പ്രകടിപ്പിച്ചതെന്ന് ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ സെയിൽസ് ആൻഡ് മാർക്കറ്റിങ് ഡയറക്ടർ യോഗേഷ് മാത്തൂർ പറഞ്ഞു. വരാനിരിക്കുന്ന റൗണ്ടുകളിൽ ടീം അവരുടെ ശ്രമങ്ങൾ കൂടുതൽ ശക്തമാക്കുമെന്ന് ഉറപ്പുണ്ടെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.




# എം.പി രാമചന്ദ്രന്റെ ജീവചരിത്രം 'വൈറ്റ് മാജിക്' പ്രകാശനം ചെയ്തു




**കൊച്ചി:**ജ്യോതി ലാബ്സ് സ്ഥാപകനായ എം.പി രാമചന്ദ്രന്റെ ജീവചരിത്രം 'വൈറ്റ് മാജിക്' പ്രകാശനം ചെയ്തു. ധനം പബ്ലിക്കേഷൻസ് ആണ് പ്രസാധകർ. ഇൻഫോസിസ് സ്ഥാപകാംഗവും മുൻ വൈസ് ചെയർമാനും നിലവിൽ ആക്സിലർ വെഞ്ച്വേഴ്സിന്റെ ചെയർമാനുമായ ക്രിസ് ഗോപാലകൃഷ്ണൻ പുസ്തകം പ്രകാശനം നിർവഹിച്ചു. ആദ്യ കോപ്പി വിഗാർഡ് ചെയർമാൻ എമരിറ്റസ് കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി ഏറ്റു വാങ്ങി. പ്രമുഖ മാധ്യമപ്രവർത്തകയും എഴുത്തുകാരിയുമായ ടി.എസ് പ്രീതയാണ് പുസ്തകം രചിച്ചിരിക്കുന്നത്.പതിനഞ്ചാമത് ധനം ബിസിനസ് സമിറ്റ് ആൻഡ് അവാർഡ് നൈറ്റിനോടനുബന്ധിച്ച് നടന്ന ചടങ്ങിൽ ജ്യോതി ലാബ്സ് മാനേജിംഗ് ഡയറക്ടർ ജ്യോതി രാമചന്ദ്രൻ, മുൻ ജോയിന്റ് മാനേജിംഗ് ഡയറക്ടർ ഉല്ലാസ് കമ്മത്ത്, ശാന്തകുമാരി രാമചന്ദ്രൻ, ധനം പബ്ലിക്കേഷൻസ് പ്രൈവറ്റ് ലിമിറ്റഡ് ചീഫ് എഡിറ്ററും മാനേജിംഗ് ഡയറക്ടറുമായ കുര്യൻ ഏബ്രഹാം, എക്സിക്യൂട്ടീവ് എഡിറ്റർ മരിയ ഏബ്രഹാം, മാധ്യമപ്രവർത്തക പ്രീത ടി.എസ് എന്നിവർ പങ്കെടുത്തു.കേരളത്തിലെ എണ്ണം പറഞ്ഞ സംരംഭകരിൽ ഒരാളായ എം.പി.രാമചന്ദ്രന്റെ ബിസിനസ് ഫിലോസഫി, വിജയരസതന്ത്രങ്ങൾ തുടങ്ങിയവയെല്ലാം പുസ്തകം അനാവരണം ചെയ്യുന്നു. സംരംഭകർക്ക് ഈ പുസ്തകം ഒരു വഴികാട്ടിയായിരിക്കുമെന്ന് പുസ്തകം അവതരിപ്പിച്ച ഉല്ലാസ് കമ്മത്ത് പറഞ്ഞു. ബിസിനസ് വിജയിക്കാൻ നിരന്തര പഠനം ആവശ്യമാണെന്ന് മറുപടി പ്രസംഗത്തിൽ എം.രാമചന്ദ്രൻ സംരംഭകരെ ഓർമിപ്പിച്ചു.

# പ്രഥമ തായ്ക്വോണ്ടോ ലീഗ് കിരീടം രാജസ്ഥാന്



**ന്യൂഡൽഹി:** ഇന്ത്യൻ തായ്ക്വോണ്ടോ പ്രീമിയർ ലീഗിന്റെ ആദ്യ പതിപ്പിൽ രാജസ്ഥാൻ റിബൽസിന് കിരീടം. ഫൈനലിൽ ഡൽഹി വാരിയേഴ്സിനെ 21ന് കീഴടക്കിയാണ് രാജസ്ഥാൻ കിരീടം സ്വന്തമാക്കിയത്. ആദ്യ റൗിൽ 39ന് തോറ്റെങ്കിലും, അടുത്ത ര് റൗ മത്സരങ്ങൾ യഥാക്രമം 94, 54 എന്ന സ്കോറിന് ജയിച്ചാണ് രാജസ്ഥാൻ അവിശ്വസനീയ തിരിച്ചുവരവും കപ്പും സ്വന്തമാക്കിയത്. ക്വാർട്ടർ ഫൈനലിൽ ലക്നോ നവാബ്സിനെയും, സെമിയിൽ ഗുജറാത്ത് തഴ്സിനെയും തോൽപ്പിച്ചാണ് രാജസ്ഥാൻ കലാശക്കളിക്ക് യോഗ്യത നേടിയത്. പഞ്ചാബ് റോയൽസിനെ സെമിയിൽ തോൽപിച്ചാണ് ഡൽഹി ടീം ഫൈനലിലെത്തിയത്. ക്വാർട്ടറിൽ മഹാരാഷ്ട്ര അവഞ്ചേഴ്സിനെ തോൽപിച്ചു. നാല് ഗ്രൂപ്പുകളിലായി ടീം ഫോർമാറ്റിലായിരുന്നു മത്സരങ്ങൾ. 12 ടീമുകൾ പങ്കെടുത്ത ഉദ്ഘാടന സീസൺ വൻ വിജയമായതിന് പിന്നാലെ വനിത തായ്ക്വോാോ പ്രീമിയർ ലീഗ് സംഘടിപ്പിക്കാനുള്ള ഒരുക്കത്തിലാണ് സംഘാടകർ. തുടർന്ന് കിഡ്സ് ലീഗും സംഘടിപ്പിക്കും. ഇന്റർനാഷണൽ ലീഗും ആലോചനയിലുന്ന് ടിപിഎൽ സ്ഥാപകൻ ഡോ.ജി.കെ വെങ്കട് പറഞ്ഞു.

## സൈബർ സുരക്ഷാ ബോധവൽക്കരണ പരിപാടി

**കൊച്ചി:** കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ (DUK) സംരംഭമായ കേരള സെക്യൂരിറ്റി ഓഡിറ്റ് ആൻഡ് അഷ്വറൻസ് സെന്റർ (KSAAC) ടെക്നോസിറ്റിയിലെ ഉഡഗ ക്യാമ്പസിൽ വിദ്യാർഥികൾക്കായി ഏകദിന സൈബർ സുരക്ഷാ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു.ജൂലൈ 8ന് 12ാം ക്ലാസ് പാസായവർക്കും ഡിഗ്രി വിദ്യാർഥികൾക്കും സൈബർ സുരക്ഷാ അവബോധ പരിപാടി നടത്തും. ബിരുദധാരികൾക്കായുള്ള പ്രോഗ്രാം ജൂലൈ 15നാണ്.സൈബർ ആക്രമണങ്ങൾ കുറയ്ക്കുകയും വിദ്യാർഥകളുടെ ഡിജിറ്റൽ ഇടം സുരക്ഷിതമാക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. രജിസ്ട്രേഷനുള്ള അവസാന തീയതി ജൂലൈ 7 ആണ്. രജിസ്ട്രേഷൻ ഫീ ഇല്ല. സീറ്റുകളുടെ എണ്ണം പരിമിതമാണ്. ആദ്യം വരുന്നവർക്ക് ആദ്യം എന്ന അടിസ്ഥാനത്തിലാണ് രജിസ്ട്രേഷൻ. ഓൺലൈൻ രജിസ്ട്രേഷൻ ഫോം ലിങ്ക്: https://forms.gle/ByDddBGc25mpg6Ls8

# തെലങ്കാനയിൽ വൻനിക്ഷേപവുമായി ലുലു ഗ്രൂപ്പ്

**ഹൈദരാബാദ് :** തെലങ്കാനയിലും സജീവമായി ലുലു ഗ്രൂപ്പ്. ഹൈദരാബാദിൽ സാന്നിദ്ധ്യം അറിയിച്ച്, ആദ്യ ലുലു മാളും ലുലു ഹൈപ്പർമാർക്കറ്റും ഉടൻ തുറക്കും. ഹൈദരാബാദിൽ ലുലു മാൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട്ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലി, തെലങ്കാന വ്യവസായ മന്ത്രി കെ.ടി രാമറാവുവിനൊപ്പം ഹൈദരാബാദിൽ നടത്തിയ വാർത്താസമ്മേളനത്തിലാണ് ഇക്കാര്യം അറിയിച്ചത്.ആഗോള ബ്രാൻഡായ ലുലുവിന്റെ വരവിനെ ഏറെ സന്തോഷത്തിടെയാണ് സ്വീകരിക്കുന്നതെന്ന് ചടങ്ങിൽ വെച്ച് മന്ത്രി കെ ടി രാമറാവു പറഞ്ഞു. സ്വിറ്റസ്ർലൻഡിലെ ദാവോസിൽ കഴിഞ്ഞ വർഷം മെയിൽ നടന്ന വേൾഡ് ഇക്കണോമിക് ഫോറത്തിൽ വച്ച്, ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലിയുമായി തെലങ്കാന വ്യവസായ മന്ത്രി കെ.ടി. രാമറാവു നടത്തിയ കൂടിക്കാഴ്ചയിൽ 500 കോടി രൂപയുടെ നിക്ഷേപത്തിന് ധാരണയിലെത്തിയിരുന്നു. ധാരണാപത്രം ഒപ്പ് വച്ച് മാസങ്ങൾക്കകം 500 കോടിയുടെ നിക്ഷേപവാദഗ്ദാനം യാഥാർത്ഥ്യമാവുകയാണ്.തെലങ്കാനയിലെ ലുലു ഗ്രൂപ്പിന്റെ നിക്ഷേപം സംസ്ഥാനത്തിന്റെ വികസന മുഖമാകുമെന്നും വ്യവസായ മുന്നേറ്റത്തിന്റെ ഭാഗമാകുമെന്നും കെ.ടി. രാമറാവു വ്യക്തമാക്കി.'ആഗോള ഐക്കണായി വളർന്നിട്ടും, എം.എ യൂസഫലിയുടെ വിനയം തന്നെ ഏറെ ആകർഷിച്ചുവെന്ന് മുഖ്യമന്ത്രി കെ ചന്ദ്രശേഖർ റാവു കഴിഞ്ഞ യോഗത്തിൽ ഞങ്ങളോട് പറഞ്ഞു. വിദേശ കമ്പനികളേക്കാൾ ഇന്ത്യൻ കമ്പനിയായ ലുലുവിനെ പിന്തുണയ്ക്കാനും പ്രോത്സാഹിപ്പിക്കാനുമാണ് മുഖ്യമന്ത്രി ഞങ്ങളോട് നിർദ്ദേശിച്ചതെന്ന് കെ.ടി. രാമറാവു പറഞ്ഞു.ലോകത്തെ മുൻനിര കമ്പനിയായ ലുലു ഗ്രൂപ്പ്, ഒരു ഇന്ത്യക്കാരന്റേത് എന്നതിൽ ഏറെ അഭിമാനിക്കുന്നുവെന്നും എം.എ യൂസഫലിയുടെ നിശ്ചയദാർഢ്യവും വ്യവസായിക കാഴ്ചപ്പാടും മാതൃകാപരമെന്നും കെടിആർ ചൂണ്ടികാട്ടി.200 കോടി മുതൽമുടക്കിൽ ഹൈദരാബാദിനടുത്ത് ചെങ്കിചർളയിൽ ആരംഭിക്കുന്ന ഭക്ഷ്യ സംസ്കരണ കേന്ദ്രത്തിനായുള്ള 25 ഏക്കർ സ്ഥലത്തിന്റെ അലോട്ട്മെന്റ് രേഖ ചടങ്ങിൽ വെച്ച് തെലങ്കാന ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ മാനേജിംഗ് ഡയറക്ടർ ഇ.വി നരസിംഹ റെഡ്ഢി മന്ത്രി കെ ടി രാമറാവുവിന്റെ സാന്നിദ്ധ്യത്തിൽ, ലുലു ഗ്രൂപ്പ് ചെയർമാൻ എം എ യൂസഫലിക്ക് കൈമാറി.'തെലങ്കാന സർക്കാരുമായി നടത്തിയ കൂടിക്കാഴ്കൾ എല്ലാം ഗുണകരമായിരുന്നു. നിക്ഷേപപദ്ധതികൾക്ക് സർക്കാർ തലത്തിൽ ലഭിച്ച പിന്തുണ അഭിനന്ദനാർഹമാണ്. അടുത്ത അഞ്ച് വർഷത്തിനകം 3500 കോടിയിലധികം രൂപയുടെ നിക്ഷേപം തെലങ്കാനയിൽ ലുലു നടത്തും. 22 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണത്തിൽ 2,500 കോടി രൂപ മുതൽ മുടക്കിൽ ഹൈദരാബാദിൽ ഏറ്റവും വലിയ മാൾ നിർമ്മിക്കും.മത്സ്യമാംസ സംസ്കരണ കേന്ദ്രവും തെലങ്കാനയിൽ തുറക്കും.പ്രാദേശികമായ വികസനത്തിന് ഒപ്പം നിരവധി തൊഴിലവസരം കൂടിയാണ് യാഥാർത്ഥ്യമാകുന്നത് ' ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലി പറഞ്ഞു.മുന്നൂറ് കോടി മുതൽമുടക്കിൽ അഞ്ച് ലക്ഷം സ്ക്വയർ ഫീറ്റിലാണ് ലുലു മാൾ. കുക്കാട്ട്പള്ളിയിലെ മഞ്ചീര മാൾ ഏറ്റെടുത്ത്ആഗോളനിലവാരത്തിൽ പുതുക്കിനിർമ്മിച്ചാണ് ലുലു മാൾ യാഥാർത്ഥ്യമാകുന്നത്. ലോകോത്തര നിലവാരമുള്ള ലുലു ഹൈപ്പർമാർക്കറ്റ്, അഞ്ച് തീയേറ്റർ സ്ക്രീനുകൾ, വൈവിധ്യമായ ഭക്ഷണവിഭവങ്ങളുമായി ഫുഡ് കോർട്ട്, സംസ്ഥാനത്തെ ഏറ്റവും മികച്ച ഗെയിം




സെന്ററായ ലുലു ഫൺടൂറ , ഇലക്ട്രോണിക്സ് ഹോം ഉത്പന്നങ്ങളുടെ ശേഖരവുമായി ലുലു കണക്ട്, ബ്രാൻഡഡ് ഫാഷൻ ശേഖരവുമായി ലുലു ഫാഷൻ സ്റ്റോർ എന്നിവ മാളിലുണ്ട്. ലോകോത്തര ബ്രാൻഡുകളുടെ പുത്തൻ ഷോറൂമുകളും ലുലു മാളിലുണ്ടാകും. ഇരുപതിനായിരം സ്ക്വയർ ഫീറ്റ് വിസ്തീർണത്തിലുള്ള ലുലു ഹൈപ്പർമാർക്കറ്റിൽ ലോകത്തെ വിവിധയിടങ്ങളിൽ നിന്നുള്ള ഉത്പന്നങ്ങൾ ലഭ്യമാകും. രണ്ടായിരത്തിലധികം പേർക്ക് പുതിയ തൊഴിലവസരം ലഭിക്കും.തെലങ്കാനയിലെ കാർഷിക മേഖലയിൽ നിന്ന് ശുദ്ധമായ പച്ചക്കറിയും പഴങ്ങളും മികച്ച വിലയിൽ കർഷകരിൽ നിന്ന് ശേഖരിച്ച് , കയറ്റുമതി ചെയ്യുന്ന ഫുഡ് സോഴ്സിങ്ങ് ലോജിസ്റ്റിക്സ് ഹബ്ബ് ഹൈദരാബാദ് എയർപോർട്ടിന് സമീപം നിർമ്മിക്കും. 150 കോടിയുടെ നിക്ഷേപപദ്ധതിയാണിത്.കാർഷിക മേഖലയ്ക്ക് പുത്തൻ ഉണർവ് നൽകുന്നത് കൂടിയാണ് പദ്ധതി.തെലങ്കാന സ്പെഷ്യൽ ചീഫ് സെക്രട്ടറി അധാർ സിൻഹ, തെലങ്കാന ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ മാനേജിംഗ് ഡയറക്ടർ ഈ വി നരസിംഹ റെഡ്ഢി, ലുലു ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ അഷറഫ് അലി എം.എ, ലുലു ഇന്ത്യ ആൻഡ് ഒമാൻ ഡയറക്ടർ ഏ.വി ആനന്ദ് റാം, ലുലു ഇന്ത്യ സിഇഒ നിഷാദ് എം.എ, ലുലു ഇന്ത്യ ഡയറക്ടർ ഫഹാസ് അഷറഫ്, ലുലു ഇന്ത്യ സിഇഒ രജിത്ത് രാധാകൃഷ്ണൻ നായർ എന്നിവരും സംബന്ധിച്ചു.

## അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** തിരുവനന്തപുരത്തെ ഹൗസിംഗ് ഡിപ്പാർട്ട്മെന്റിന്റെ (ഹൗസിംഗ് കമ്മീഷണറുടെ ഓഫീസ്) ടെക്നിക്കൽ സെല്ലിൽ ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ ചീഫ് പ്ലാനർ (ഹൗസിംഗ്) നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. നിശ്ചിത യോഗ്യതയുള്ള പൊതുമരാമത്ത്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പുകളിലെ യോഗ്യരായ ഉദ്യോഗസ്ഥർക്കും നഗരാസൂത്രണ വകുപ്പിലെ സീനിയർ ടൗൺ പ്ലാനർമാർക്കും, സർക്കാർ വകുപ്പിലോ പൊതുമേഖലാ സ്ഥാപനങ്ങളിലോ സർവീസ് യോഗ്യതയുള്ളവർക്കും അപേക്ഷിക്കാം.സിവിൽ എഞ്ചിനീയറിംഗിലോ ആർക്കിടെക്ചറിലോ ബിരുദം. നഗര, രാജ്യ ആസൂത്രണത്തിലുള്ള ബിരുദാനന്തര ബിരുദം അല്ലെകിൽ പിജി ഡിപ്ലോമ. അഡ്മിനിസ്ട്രേഷനിലോ ഹ്യൂമൻ റിസോഴ്സിലോ എംബിഎ. പൊതുമരാമത്ത് വകുപ്പിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ അല്ലെങ്കിൽ ടൗൺ പ്ലാനിംഗ് ഡിപ്പാർട്ട്മെന്റിൽ സീനിയർ ടൗൺ പ്ലാനർ അല്ലെങ്കിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളജിലെ പ്രൊഫസർ അല്ലെങ്കിൽ മറ്റേതെങ്കിലും സർക്കാർ വകുപ്പിലോ പൊതുമേഖലാ സ്ഥാപനങ്ങളിലോ സൂപ്രണ്ടിംഗ് എഞ്ചിനീയർ ആയി കുറഞ്ഞത് 2 വർഷത്തെ പരിചയം. പദ്ധതി രൂപരേഖ തയാറാക്കൽ, നിർവഹണം, നിയന്ത്രണം, ആസൂത്രണം എന്നിവയിലെ പരിചയം എന്നിവയാണ് യോഗ്യതകൾ.അപേക്ഷിക്കുന്നവർ ബയോഡേറ്റ, എൻ ഒ സി, എന്നിവ ജൂൺ 31 ന് മുൻപ് പ്രിൻസിപ്പൽ സെക്രട്ടറി, ഹൗസിംഗ് ഡിപ്പാർട്ട്മെന്റ്, അനെക്സ് 2, ഗവ. സെക്രട്ടറിയേറ്റ് തിരുവനന്തപുരം എന്ന വിലാസത്തിലോ housingdeptsect@gmail.com എന്ന ഇമെയിലിലോഅയയ്ക്കണം.

## ആക്സിസ് നിഫ്റ്റി ഐടി ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ചു

AXIS MUTUAL FUND

**കൊച്ചി:** ആക്സിസ് മ്യൂച്ചൽ ഫണ്ട് ആക്സിസ് നിഫ്റ്റി ഐടി ഇൻഡക്സ് ഫണ്ട് എന്ന പേരിൽ ഓപ്പൺഎൻഡഡ് ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ചു.പുതിയ ഫണ്ട് ഓഫർ ജൂൺ 27ന് തുടങ്ങി ജൂലൈ 11ന് അവസാനിക്കും.കുറഞ്ഞ നിക്ഷേപം 5000 രൂപയാണ്. തുടർന്ന് ഒരു രൂപയുടെ ഗുണിതങ്ങളിൽ നിക്ഷേപം നടത്താം. അലോട്ട്മെൻറ് തീയതി മുതൽ 7 ദിവസത്തിനുള്ളിൽ യൂണിറ്റ് റിഡീം ചെയ്യുകയോ മാറുകയോ ചെയ്താൽ 0.25 ശതമാനം എക്സിറ്റ് ലോഡ് ഉണ്ട്. നിഫ്റ്റി ഐടി ടിആർഐയാണ് ബഞ്ച്മാർക്ക് എന്ന് ആക്സിസ് എഎംസി എംഡിയും സിഇഒയുമായ ബി. ഗോപ്കുമാർ പറഞ്ഞു.ഹിതേഷ് ദാസാണ് ഫണ്ട് മാനേജർ. നിഫ്റ്റി ഐടി ഇൻഡെക്സിനെ ആധാരപ്പെടുത്തി അതിനേക്കാൾ മെച്ചപ്പെട്ട റിട്ടേൺ ലഭ്യമാക്കുവാനാണ് ആക്സിസ് നിഫ്റ്റി ഐടി ഇൻഡെക്സ് ഫണ്ട് ലക്ഷ്യമിടുന്നത്. നിക്ഷേപത്തിൻറെ 95100 ശതമാനം നിഫ്റ്റി ഐടി ഇൻഡെക്സിലായിരിക്കും ഫണ്ട് നിക്ഷേപം നടത്തുക. ശേഷിച്ച തുക മണി മാർക്കറ്റ്, ഡെറ്റ് വിഭാഗങ്ങളിലാവും നിക്ഷേപിക്കുക.ആക്സിസ് നിഫ്റ്റി ഐടി ഇൻഡക്സ് ഫണ്ടുമായി തങ്ങളുടെ ഉൽപ്പന്ന നിര വിപുലീകരിക്കുകയാണ്, തങ്ങളുടെ നിക്ഷേപകർക്ക് ഇന്ത്യയുടെ സാങ്കേതിക വിദ്യയുടെ ഭാഗമാകാനുള്ള അവസരം ലഭ്യമാക്കുകയും ചെയ്യുന്നുവെന്നും ബി. ഗോപ്കുമാർ പറഞ്ഞു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 · 15 YEAR GUARANTEE · 100% GUARANTEED · ISO 9001 CERTIFIED · LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663